പുസ്തകം ൪. ലക്കം ൩.

കന്യകാമുന

The Flower of Carmel



പ്രതിമാസപത്രിക.

MARCH 1907 MANNANAM.

സംഗതി വിവരം.

I. വിശ്വാസപ്രമാണത്തിന്റെ ഫല വകുപ്പുകളെ വ്യാഖ്യാനിക്കുന്ന സംഭവങ്ങൾ.

II. സെഖ്യായുടെ മെത്രാനായ വി. ബ്ളാസിയോസിന്റെ ചരിത്ര സംക്ഷേപം.

III. ശുദ്ധ. കുബ്ബാനയെ സന്ദർശിക്കുന്ന ആത്മാവിനോട് ഒരു ശോമി ശിഹായുടെ വാത്സല്യ സംഭാഷണം.

IV. പുണ്യപരീക്ഷ.

V. തിരുസ്സഭാ ചരിത്രം.

VI. വിശുദ്ധ മോനിക്കായുടെ ചരിത്ര സംക്ഷേപം.

VII. തിരുഹൃദയ ഭക്തന്മാർ ഫെബ്രുവരി കുംഭമാസത്തിൽ ചെയ്കേണ്ട പ്രവൃത്തികൾ.

VIII. മാർ യൌസേപ്പിനെക്കുറിച്ചുള്ള ഒരു സംഗീതം.

IX ലോകവർത്തമാനച്ചുരുക്കം.

വരിക്കാർക്ക് പ്രത്യേക നോട്ടീസ്.

മൂന്നാണ്ടുകളിലേയും ഒരുമിച്ചുള്ളതിലേയും വരിപ്പണം അടപ്പാനുള്ളവർ, അവരവർ അടപ്പാനുള്ള സംഖ്യ ഉടനെ മണിയോഡറായി അയച്ചുതരികയൊ, പണപ്പിരിവുകാരുടെ പക്കൽ കൊടുത്തു രസീതുവാങ്ങിക്കുകയൊ ചെയ്യേണ്ടിയിരിക്കുന്നു. ഒരു പുതുക്കിയ സംഖ്യക്കായി പല എഴുത്തുകുത്തുകൾ നടത്തുന്നതിനും പണപ്പിരിവുകാരെ പലപ്രാവശ്യം നടത്തി ബുദ്ധിമുട്ടിക്കുന്നതിനുമിടയാക്കുന്നതു ഭംഗിയല്ലെന്നും വരിക്കാരിൽ നിന്നു കിട്ടുന്ന സംഖ്യ കൊണ്ടുവേണം മാസിക സംബന്ധമായ ചിലവുകൾ നടത്തുവാൻ എന്നുള്ളതും എല്ലാവരും അറിയേണ്ടതാണു്. ഇപ്പോൾ പണപ്പിരിവുകാരെ എല്ലാസ്ഥലങ്ങളിലേക്കും രസീതുകളും കൊടുത്തു അയച്ചിരിക്കുന്നു. വരിക്കാർ ദയചെയ്തു അവർക്കു് അനാവശ്യതാമസത്തിനും ബുദ്ധിമുട്ടിനും ഇടയാക്കാതെ കൊടുപ്പാനുള്ള സംഖ്യ കൊടുത്തു രസീതു വാങ്ങിപ്പോരുകയാണെന്നു ഓർമ്മിപ്പിച്ചുകൊള്ളുന്നു.

എസ്സ് മാനേജർ.

അത്ഭുതകരമായ തപാൽക്കുലി ഉൽപ്പാടെ ബ്രിട്ടീഷ് രൂപാ ക.

യാതൊരുത്തൻ 8 പേരെ പത്രവരിക്കാരായി ചേർത്തു പേരയക്കുകയും സ്വന്തമേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറുവാങ്ങിച്ചു കൊടുക്കയും പത്രവരിപിരിച്ചു ഒന്നാകെ അടയ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്കു നാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെട്ടുന്നതാണ്.

മേൽവിലാസം.

"കമ്മെല കുസുമം" മാനേജർ അവർകൾക്കു,
Mannanam. മാന്നാനം.
Travancore.

കാർമ്മൽ സുമം.

പുസ്തകം ൩.) ഫൻം൭ മാർച്ച്; (ലക്കം ൩.

വിശ്വാസപ്രമാണത്തിന്റെ ഫ വകുപ്പുകളെ വ്യാഖ്യാനിക്കുന്ന സംഭവങ്ങൾ.

നാലാം ശതവർഷത്തിൽ ജീവിച്ചിരുന്ന റുഫീനോസ് എന്ന വിശ്രുത ചരിത്രകർത്താവു പാരമ്പര്യത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു പന്ത്രണ്ടു ശ്ലീഹന്മാർ സുവിശേഷം പ്രസംഗിക്കാനായി നാനാദിക്കുകളിലേക്കു പുറപ്പെടുന്നതിനുമുമ്പു വിശ്വാസപ്രമാണം ഉണ്ടാക്കി എന്നുപറയുന്നു. അവുസ്ത്യിയാ ചക്രവർത്തിയുടെ പുസ്തകശാലയിൽ പന്ത്രണ്ടു അംശങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നതും ഓരോ അംശത്തിൽ ഓരോ ശ്ലീഹന്മാരുടെ പേർ ചേർക്കപ്പെട്ടിരുന്നതുമായ വിശ്വാസപ്രമാണത്തിന്റെ പഴയ ഗ്രീക്കു കയ്യെഴുത്തുപ്രതി മഹാ ഭാഗ്യമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഒന്നാംവകുപ്പു വിശുദ്ധ പത്രോസും, രണ്ടാമത്തേതു അന്ത്രയോസും, മൂന്നാമത്തേതു വലിയ യാക്കോബും, നാലാമത്തേതു യോഹന്നാൻ ഏവൻഗേലിസ്റ്റായും, അഞ്ചാമത്തേതു നമ്മുടെ പിതാവു തോമ്മാശ്ലീഹായും, ആറാമത്തേതു ചെറിയ യാക്കോബും, ഏഴാമത്തേതു പീലിപ്പോസും, എട്ടാമത്തേതു ബർത്തലൊമ്മയും, ഒമ്പതാമത്തേതു മത്തായിയും, പത്താമത്തേതു ശെമയോനും, പതിനൊന്നാമത്തേതു തദ്ദെ എന്ന മറുപേരുള്ള യൂദായും, പന്ത്രണ്ടാമത്തേതു മത്തിയായും എന്ന പന്ത്രണ്ടു ശ്ലീഹന്മാർ ഉണ്ടാക്കിയതായിട്ടാണ് അതിൽ പറയപ്പെട്ടിരിക്കുന്നതു്. ശ്ലീഹന്മാരുടെ ഈ വിശ്വാസപ്രമാണത്തിൽ നമ്മുടെ വേദത്തിന്റെ സത്യങ്ങൾ സംഗ്രഹിക്കപ്പെട്ടിരിക്കുന്നതിനാൽ വിശുദ്ധ കത്തോലിക്കാ പള്ളിയുടെ ആദ്യകാലങ്ങളിൽ മെത്രാന്മാർ പ്രധാനമായി ജനങ്ങളെ പഠിപ്പിച്ചിരുന്നതു ഇതായിരുന്നു. വിദ്വാനായ ബൊനിയൂസ് എന്ന പ്രസിദ്ധ ചരിത്രകർത്താവു ഇതുസംബന്ധിച്ചു എഴുതിയിരിക്കുന്ന ഒരു സംഭവം ഇവിടെ എടുത്തു കാണിക്കാം.

൩൯൮-ൽ ചെറിയ ആസ്യായിലുള്ള കേസറിയ (Neo Ceasaria) പട്ടണത്തിന്റെ മെത്രാനും പുണ്യനടപടികൾകൊണ്ടും ബുദ്ധിസാമർത്ഥ്യം നിമിത്തവും മഹാ കീർത്തിപെട്ടവനുമായിരുന്ന ഗ്രിഗോറിയെന്ന മഹാപരിശുദ്ധൻ തന്റെ ജനങ്ങൾക്കു ഉപദേശിച്ചുകൊടുക്കേണ്ട സത്യങ്ങൾ ഏവയെല്ലാമെന്നു തന്നെ അറിയിക്കേണമെന്നു ദൈവത്തോടു അപേക്ഷിച്ചുവന്നു. ഒരുദിവസം ഈ സംഗതിക്കായി പ്രാർത്ഥിച്ചുകൊണ്ടിരിക്കയിൽ ദൈവജനനി വി. യോഹന്നാൻ ഏവൻഗേലിസ്റ്റായോടുകൂടെ ഇദ്ദേഹത്തിനു പ്രത്യക്ഷയായി. അപ്പോൾ ദൈവജനനിയുടെനേരെ മഹാ ഭക്തനായിരുന്ന വിശുദ്ധ ഗ്രിഗോറിയുടെ അപേക്ഷയെ സാധിച്ചുകൊടുക്കണമെന്നു ആ നല്ലമാതാവു വിശുദ്ധ യോഹന്നാൻ ഏവൻഗേലിസ്റ്റായോടു കല്പിക്കയും അതിൻപ്രകാരം നാം ഇപ്പോൾ ഉപയോഗിച്ചുവരുന്ന വിശ്വാസപ്രമാണം ഗ്രിഗോറിയോ

സിനു യോഹന്നാൻ ഏവൻഗേലിസ്റ്റാ പറഞ്ഞുകൊടുക്കയും ചെയ്തു. അനേകം കാലത്തോളം വിശുദ്ധ ശ്രീഗോറിയോസിനു കൊടുക്കപ്പെട്ട ഈ വിശ്വാസപ്രമാണത്തിന്റെ പ്രതിഭേദമായി സൂക്ഷിക്കപ്പെടുകയും കാക്കപ്പെടുകയും ചെയ്തു. ൩൮൧-ൽ കൊൻസ്റ്റാന്തീൻ പുരിയിൽ ഉണ്ടായ ൨-മത്തെ അകമാന സുന്നഹദോസ് ഈ വിശ്വാസപ്രമാണത്തിന്റെ സംക്ഷേപം എടുത്തു പറഞ്ഞിട്ടുണ്ട്.

വിശ്വാസപ്രമാണത്തിന്റെ ഒന്നാം വകുപ്പിൽ അടങ്ങിയിരിക്കുന്നതു ഒരു ദൈവം ഉണ്ടെന്നും അങ്ങനെ സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടേയും സൃഷ്ടിതാവും ആകുന്നു എന്നുമാണല്ലൊ.

ദൃഷ്ടാന്തങ്ങൾ.

൧. സകലജാതി ജനങ്ങളും ഒരു ദൈവം ഉണ്ടെന്നു വിശ്വസിക്കുന്നു. എന്നാൽ ദൈവത്തെപ്പറ്റിയുള്ള സൂക്ഷ്മായ ജ്ഞാനം അവക്കുണ്ടായിരിക്കുന്നില്ല. ഏലിയാ നിവ്യാ ബാൽ എന്ന ദേവന്റെ അച്ചാര്യന്മാരെ തോല്പിച്ചസംഗതി ഇവിടെ എടുത്തു പറയുന്നതു ഈ സത്യം ഉറപ്പിക്കുന്നതിനുതകുന്ന ഒരു നല്ല ദൃഷ്ടാന്തമാണ്. ഒരുദിവസം രാവിലെ ബാൽദേവന്റെ അച്ചാര്യന്മാരെ ഒന്നിച്ചുകൂട്ടി അവരോടു മേൽ പറഞ്ഞ തീഷ്ബദ്ശി ചോദിച്ചതായതു്. എത്രകാലംവരെ രണ്ടുഭാഗത്തു ഒന്നിച്ചുനിൽക്കാൻ നിങ്ങൾക്കു കഴിയും? കർത്താവു ദൈവമാണെങ്കിൽ, തന്നെനിങ്ങൾ പിഞ്ചെല്ലുവിൻ, എന്നാൽ ബാൽ ആണു് ദൈവമെങ്കിൽ അവനെ അനുസരിപ്പിൻ. ഇതാ ഇപ്പോൾ കർത്താവിന്റെ തീഷ്ബദ്ശിയായി ഞാൻ മാത്രമെയുള്ളു. ബാലിന്റെ തീഷ്ബദ്ശികൾ ൪൫൦ പേർവരെയുണ്ടു്. നിങ്ങൾ ബാലിനു ഒരു ബലികഴിക്കണം. ഞാൻ കർത്താവിനും ഒന്നു കഴിക്കാം. ആരാണു് തന്റെ ആരാധനക്കാരെ കേൾക്കുന്നതെന്നു നമുക്കിപ്പോൾ പരീക്ഷിച്ചറിയാം. അപ്പോൾ കൂടിയിരുന്ന ഇസ്രായേൽ ജനത്തിനു ഈ ആലോചന ഉത്തമമായി തോന്നിയതിനാൽ ഉടനെ അവർ രണ്ടു ബലിപീഠങ്ങളെ ഉണ്ടാക്കി. ഒന്നാമതായി വിഗ്രഹാരാധനക്കാർ ഒരു കാളയെക്കൊന്നു ബലികഴിക്കയും അവർ ഏകമായിചേർന്നു വലിയ സ്വരത്തിൽ ബാൽദൈവമെ! ബാൽ ദൈവമേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെന്നു അപേക്ഷിക്കയും ചെയ്തു. അനേകം മണിക്കൂർ നേരംവരെ ഇങ്ങനെ അപേക്ഷിച്ചിട്ടും ഫലമൊന്നുമുണ്ടായില്ലാ. അപ്പോൾ ഏലിയാ തീഷ്ബദ്ശി 'കുറെക്കൂടെ ഉച്ചസ്വരത്തിൽ വിളിച്ചപേക്ഷിപ്പിൻ, പക്ഷെ നിങ്ങളുടെ ദൈവം വല്ലതും സംസാരിച്ചുകൊണ്ടിരിക്കയായിരിക്കും. അല്ലെങ്കിൽ യാത്രയിൽ ആയിരിക്കും. അല്ലെങ്കിൽ വല്ല സത്രത്തിൽ എത്തി ആശ്വസിക്കയായിരിക്കും. അതുകൊണ്ടു അവനെ വലിയ സ്വരത്തിൽ വിളിച്ചുണർത്തണം' എന്നിങ്ങനെ പറഞ്ഞു. മനുഷ്യനുള്ള ആശാപാശങ്ങളും കുറവുകളും ദേവന്മാക്കും പൊതുവെ ഉണ്ടെന്നു അജ്ഞാനികൾ വിശ്വസിച്ചുവന്നിരുന്നതിനാൽ മേല്പറഞ്ഞ വിഗ്രഹാരാധനക്കാർ ഏലിയാ നിവ്യായുടെ വാക്കുകേട്ടു വളരെ ഉച്ചസ്വരത്തിൽ ക്രുവി നിലവിളിച്ചപേക്ഷിച്ചു. കടശി അവരുടെ രക്തം ഒഴുകാൻതക്കവണ്ണം തങ്ങളെത്തന്നെ കുത്തി മുറിപ്പെടുത്തുകയുംചെയ്തു. എന്നിട്ടും അവരുടെ പൂജയെ ബാൽദേവൻ സ്വീകരിച്ചു ദഹിപ്പിച്ചില്ല. അപ്പോൾ പരിശുദ്ധ ഏലിയാ തന്റെ പൂജ ഒരുക്കി അല്പനേരം പ്രാർത്ഥിച്ചു. ഉടനെ ആകാശത്തിൽനിന്നു തീ ഇറങ്ങുകയും ഇങ്ങനെ തന്റെ പൂജയെ ദൈവം സ്വീകരിച്ചു ദഹിപ്പിക്കയുംചെയ്തു. ഏക സത്യദൈവം കർത്താവുമാത്രമെയുള്ളുവെന്നു ഇതിനാൽ ദൃഷ്ടാന്തപ്പെട്ടകയും ഇസ്രായേൽജനം വിഗ്രഹാരാധന ഉപേക്ഷിക്കയും ബാൽദേവന്റെ പൂശാരികൾ യോഗ്യമായ ശിക്ഷ പ്രാപിക്കയുംചെയ്തു.

II സെബസ്ത്യായുടെ മെത്രാനായിരിക്കുന്ന വി. ബ്ലാസിയോസിന്റെ ചരിത്ര സംക്ഷേപം.

അർമ്മേനിയായിലുള്ള കപ്പദോച്ചിയാ എന്ന ദിക്കിൽ നാലാം യുഗത്തിൽ ജനിച്ചവനായ വി. ബ്ലാസിയോസ് ചെറുപ്പം തുടങ്ങി തന്നെ കളങ്കമറ്റവനും ഉത്തമ ഭക്തനും സാധുതപവും എളിമയും ഉള്ളവനുമായി ജീവിച്ചിരുന്നു. ഇദ്ദേഹത്തിന്റെ അസാധാരണ സുകൃതം നിമിത്തം കപ്പദോച്ചിയായിലുള്ള സെബസ്തിയാ പട്ടണത്തിന്റെ മെത്രാനായി കൃസ്ത്യാനികൾ ഇദ്ദേഹത്തെ തെരിഞ്ഞെടുത്തു. എന്നാലക്കാലത്തിൽ വിഗ്രഹാരാധന പ്രബലപ്പെട്ടുകയും വേദത്തെരുക്കം ശക്തിപ്പെട്ടുകയും ചെയ്തിരുന്നതിനാൽ ഒരു മഹാത്മാവു അർജ്ജേയോസ് എന്ന മലയിൽ പോയി ഒരു ഗുഹയിൽ പാർത്തു വന്നിരുന്നു. ആ മലയിൽ ഉള്ള കാട്ടുമൃഗങ്ങൾ ദിവസേന ഇയ്യാളുടെ പക്കൽ ചെല്ലുകയും അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങുകയും ചെയ്തിരുന്നു. എന്നാൽ ഒരു മഹാത്മാവു ധ്യാനിക്കുന്ന സമയത്തു ഒരു മൃഗങ്ങൾ ചെന്നിരുന്നാൽ ധ്യാനം കഴിയുന്നതുവരെ യാതൊരു സ്വരവും കേൾപ്പിക്കാതെ അവിടെ കാത്തുകൊണ്ടു നില്ക്കയും ധ്യാനം കഴിഞ്ഞു അദ്ദേഹം വരുമ്പോൾ തങ്ങളുടെ തലമേൽ കൈവച്ചു അനുഗ്രഹം വാങ്ങിക്കൊണ്ടു മടങ്ങുകയും ചെയ്തിരുന്നു.

൨. അക്കാലങ്ങളിൽ അഗ്രിക്കൊളാവോസ് എന്ന ദേശാധികാരി പാറാവിൽ കിടന്നിരുന്ന കൃസ്ത്യാനികളെ ഭക്ഷിക്കുന്നതിനും പീഡിപ്പിക്കുന്നതിനുമായി ആ ദിക്കിലുള്ള കാട്ടുമൃഗങ്ങളെ എല്ലാം പിടിച്ചുകൊണ്ടുവരുന്നതിനു ഭടന്മാരെ അയച്ചു. വി. ബ്ലാസിയോസ് താമസിച്ചിരുന്ന അർജ്ജേയോസ് എന്നമലയിൽ അവർവന്നു. ഒരു മഹാത്മാവു താമസിച്ചിരുന്ന ഗുഹയ്ക്കു സമീപിച്ചപ്പോൾ അനവധി കാട്ടുമൃഗങ്ങൾ അവിടെ കൂടിയിരിക്കുന്നതിനെ കണ്ടു വിസ്മയിക്കയും ഇതെന്താണെന്നു തങ്ങളിൽ സംസാരിച്ചുകൊണ്ടു സമീപെ ചെന്നപ്പോൾ ഗുഹവാതുക്കൽ വി. ബ്ലാസിയോസ് ഇരിക്കുന്നതിനെയും പ്രാർത്ഥിച്ചുകൊണ്ടു മൃഗങ്ങളുടെ തലമേൽ കൈവച്ചു ആശീർവ്വദിക്കുന്നതിനെയും രോഗപീഡിതരെ സൌഖ്യപ്പെടുത്തുന്നതിനെയും കാണുകയും ചെയ്തു. അവരുടനെ മടങ്ങിവന്നു അഗ്രീക്കൊളാ എന്ന മേലധികാരിയോടു തങ്ങൾ കണ്ടതൊക്കയും പറഞ്ഞറിയിച്ചു. എന്നാൽ ആ മേലധികാരി അവിടെ ഒളിച്ചിരിക്കുന്ന കൃസ്ത്യാനികളെയെല്ലാം അന്വേഷിച്ചു പിടിച്ചുകൊണ്ടു വരുന്നതിനു അനേകം പടയാളികളെ അയച്ചു. അവരു പുറപ്പെട്ടു വി. ബ്ലാസിയോസ് പാർത്തിരുന്ന ഗുഹയിൽ ചെന്നപ്പോൾ ആ മഹാത്മാവു ജപധ്യാനം ചെയ്തുകൊണ്ടിരിക്കുന്നതിനെ കണ്ടു. അവരു മഹാത്മാവിനോടു മേലധികാരി നിന്നെ വിളിക്കുന്നു എന്നു പറഞ്ഞവുടനെ താൻ എഴുന്നേറ്റു എന്റെ മകളെ! നമുക്കൊന്നിച്ചു പോകാം. കഴിഞ്ഞ രാത്രിയിൽ മൂന്നുപ്രാവശ്യം എനോടു നീ എഴുന്നീറ്റു നിന്റെ ഗുരുപ്പട്ടത്തിന്റെ ക്രമംപോലെ ഇനിക്കു ബലികളെ സമർപ്പിക്കു, എന്നു പറയപ്പെട്ടു: അതിനാൽ നിങ്ങൾ വന്നതു നന്നായിരിക്കുന്നു.

൩. ബ്ലാസിയോസ് അവരോടുകൂടി യാത്ര ചെയ്തയിൽ വഴിമദ്ധ്യേ ഒരു മഹാത്മാവിന്റെ സാധുതപത്തെയും സുകൃതത്തെയും കണ്ടറിഞ്ഞു ഏറിയ അജ്ഞാനികൾ സത്യവേദത്തെ അനുസരിച്ചിരുന്നു. എങ്ങിനെയെന്നാൽ ഒരു മഹാത്മാവിന്റെ അപേക്ഷകളാൽ സർവ്വേശ്വരൻ അയാളുടെ പക്കൽ ചെന്നിരുന്ന രോഗപീഡിതരെ സൌഖ്യപ്പെടുത്തുകയും ആ ദീനക്കാരുടെ മേൽ കൈവച്ചു പ്രാർത്ഥിക്കുമ്പോൾ അവരെല്ലാവരും ഉടനെ സ്വസ്ഥത പ്രാപിക്കുകയും ചെയ്തിരുന്നു. വിശേഷിച്ചും ഏക വ

രുൻ മാത്രം ഉണ്ടായിരുന്ന ഒരു സ്ത്രീ ആ പൈതൽ മീൻ തിന്നുകയിൽ മുള്ളു അ ണ്ണാക്കിൽ തടഞ്ഞതിനാൽ ഉടനെയായി ഒന്നും പറയാതെ നന്നാ കഷ്ടപ്പെട്ടിരു ന്നതിനാൽ ആ പൈതലിന്റെ തള്ള ൟരം മഹാത്മാവിന്റെ വൃത്താന്തം കേ ട്ടു മരിപ്പാറായിരുന്ന ആ പൈതലിനെ എടുത്തുകൊണ്ടു പ്രലാപത്തോടുകൂടെ അ യാളുടെ പക്കൽ ചെന്നു പൈതലി നെ ൟരം മഹാത്മാവിന്റെ പാദത്തി ങ്കൽ കിടത്തിക്കൊണ്ടു എന്റെ മക നെ മേൽ അനുഗ്രഹിക്കായെന്നു നില വിളിച്ചു പറഞ്ഞിരുന്നു. ദൈവ ശുശ്രൂ ഷിയായ വി. ബ്ള:സിയോസു് ആകാ ശത്തിലേക്കു കണ്ണുകളെ ഉയർത്തി കൊ നേരം പ്രാർത്ഥിച്ച ശേഷം ആ പൈത ലിന്റെ കഴുത്തിൽ കൈവയ്ക്കുകയും അവനെ സ്വസ്ഥപ്പെടുത്തി അവന്റെ തള്ളയ്ക്കു ഏൽപ്പിക്കയും ചെയ്തു.

൪. അനന്തരം ൟരം മഹാത്മാവു പ ട്ടണത്തിൽ പ്രവേശിക്കയിൽ സത്യവേ ദക്കാരിയായ ഒരു സ്ത്രീ അവൾക്കുള്ള ഒ രു പോക്കിനെ ചെന്നു പിടിച്ചുകൊ ണ്ടു പോയിയെന്നും അതിനെ രക്ഷിച്ചു തരണമെന്നും മഹാത്മാവിനോടു സ ഹായം അപേക്ഷിച്ചു. ൟരം മഹാത്മാവു ചിരിച്ചുകൊണ്ടു നീ ദുഃഖിക്കണ്ടാ നി ന്റെ പോക്കു യാതൊരു കേടുകൂടാതെ നിനക്കു കിട്ടുമെന്നു അരുളിച്ചെയ്തു. ആ സ്ത്രീ മടങ്ങിചെന്നു പോക്കിനെ അന്വേ ഷിക്കയിൽ ചെന്നു ഓടിപ്പോയതിനെ യും പോക്കു യാതൊരു കേടുകൂടാതെയി രിക്കുന്നതിനെയും കണ്ടു സന്തോഷിച്ചു. വി. ബ്ള:സിയോസു വന്നതു മേലധി കാരി അറിഞ്ഞു അവന്റെ പക്കൽ കൊ ണ്ടുചെല്ലുന്നതിനായിട്ടു കല്പിച്ചു. പുണ്യ വാളൻ അവന്റെ മുമ്പാകെ ചെന്ന പ്പോളവൻ അത്യം സ്നേഹഭാവത്തിൽ ദേവന്മാരുടെയും എന്റെയും സ്നേഹി തനായ ബ്ള:സിയോസെ! നിനക്കു സ്വതവം എന്നു പറഞ്ഞു. പുണ്യവാളൻ മറുപടിയായി നല്ല അധികാരിയെ നി നക്കുസ്വതവം എന്നു പറഞ്ഞു. എന്നാൽ പിശാചുക്കളെ ദേവന്മാരെന്നു നീ പ റയരുതു. എന്തെന്നാൽ അവരുതങ്ങളെ വണങ്ങുന്നവരോടുകൂടെ നിത്യാഗ്നിയിൽ കിടന്നു കഷ്ടപ്പെടുമെന്നു പറഞ്ഞു. മേലധികാരി കോപിച്ചു ൟരം മഹാത്മാ വിനെ കാടുവടികളാൽ അടിപ്പിക്കയും അനേക നാഴികനേരം അയാളെ പീ ഡിപ്പിക്കയും ചെയ്തു. അതിനിടയ്ക്കു ൟരം മഹാത്മാവു മേലധികാരിയെ നോക്കി വഞ്ചകനായ അധികാരിയെ! നിന്റെ ശിക്ഷകളാൽ എന്റെദൈവത്തിന്റെ വേദത്തിൽനിന്നു എന്നെ മാറ്റാമെന്നു നീ വിചാരിക്കുന്നോ? എന്നെ ശക്തി പ്പെടുത്തുന്ന മിശിഹാ എന്നോടുകൂടെ ഉള്ളതിനാൽ ഇതൊരുനാളും സംഭവിക്കു ന്നതല്ലായെന്നു പറഞ്ഞു. ദുഷ്ട അധികാ രി ൟരം മഹാത്മാവിനെ വിശ്വാസത്തി ൽനിന്നു മാറുവാൻ വശമാകുന്നില്ലാ യെന്നു കണ്ടുകൊണ്ടു പിന്നെയും കാരാഗൃ ഹത്തിൽ ഇടിച്ചു.

൫. രക്തസാക്ഷിയായ വി. ബ്ള: സിയോസിന്റെ പാടുപീഡകളെയും ക്ഷമയേയും കണ്ടിരുന്ന വിധവയായ ഭ ക്തിയുള്ള ആ സ്ത്രീ പുണ്യവാന്റെ അ പേക്ഷയാൽ ദുഷ്ട മൃഗത്തിൽ നിന്നു ആപത്തുകൂടാതെ കിട്ടിയ പോക്കിനെ കൊന്നു പാകം ചെയ്തു് ചില പദാർത്ഥ ങ്ങളോടുകൂടി പുണ്യവാനു രാത്രിസമയം കാരാഗൃഹത്തിൽ കൊണ്ടുവന്നു് അവ യെ ഭക്ഷിക്കണമെന്നപേക്ഷിച്ചു. ൟരം മഹാത്മാവു ദൈവത്തിനു സ്തോത്രം ചെയ്തു അതിൽ നിന്നു കുറെ ഭക്ഷിച്ച ശേഷം അവളെ ആശീർവ്വദിച്ചു അരുളി ച്ചെയ്തതായതു, ൟരം വസ്തുതോടുകൂടെ എന്റെ ഓർമ്മയെ നീ ചെയ്യണം. നി ന്റെ ഭവനത്തിൽ എന്റെ സർവ്വേശ രനിൽ നിന്നു യാതൊരു നന്മയും കു റവുണ്ടാകയില്ലാ. എന്നു മാത്രമല്ലാ ൟരം വിധത്തിൽ നിന്നെ ആരെങ്കിലും അനു ഗമിച്ചു എന്റെ ഓർമ്മയെ ചെയ്യുന്നെ ങ്കിൽ അവന്റെ ആയുസ്സുകാലമൊക്കെ യിലും ദൈവാനുഗ്രഹവും സഹായങ്ങ ളും ലഭിക്കുന്നതാണു്. ഇപ്രകാരം ആ ഭാ

ഗൃപ്പെട്ട കിഴവി രക്തസാക്ഷിയായ വി. ബ്ളാസിയോസിന്റെ കല്പനയെ ഭക്തിപൂർവ്വം കേട്ട ശേഷം സന്തോഷത്തോട്ട വീട്ടിൽ പോകയും ഒരു മഹാത്മാവിന്റെ അനുഗ്രത്തിനു തക്കവണ്ണം ഭാഗ്യവതിയായി കാലം കഴിക്കയും ചെയ്തു.

൩. മേലധികാരി ഒരു മഹാത്മാവിനെ അവന്റെ മുമ്പാകെ വരുത്തി ദേവന്മാക്ക ബലിചെയ്യാഞ്ഞാൽ കഠിനമായി ശിക്ഷിക്കുമെന്നു ശാസിച്ചു പറഞ്ഞു. ബ്ളാസിയോസ് പ്രത്യുത്തരമായി ആകാശവും ഭൂമിയും സൃഷ്ടിക്കാത്തവരായ ദേവന്മാരു നശിക്കട്ടെ എന്നും നീ ഭയപ്പെട്ടുന്ന മരണം ഇന്നിക്കു നിനക്കു തരുമെന്നും പറഞ്ഞു. ഉടനെ മേലധികാരി വീണ്ടും ഒരു മഹാത്മാവിനെ മരത്തിൽ കെട്ടിത്തൂക്കി കഠിനമായി അടിപ്പിച്ചു. അതുകൊണ്ടും ഒരു മഹാത്മാവിന്റെ വിശ്വാസം ഇളകുന്നില്ലാ എന്നു കണ്ടുകൊണ്ടു വീണ്ടും ഇരുമ്പഴിക്കൂട്ടിൽ കൊണ്ടുപോയി ഇടുവാൻ കല്പിച്ചു. ഇപ്രകാരം ഒരു മഹാത്മാവിനെ കൂട്ടിക്കൊണ്ടു പോകയിൽ ദൈവഭക്തരായ ഏഴു സ്ത്രീകൾ അയാളെ പിഞ്ചെന്നു അയാളിൽനിന്നു ഒഴുകിയിരുന്ന രക്തത്തെ എടുത്തു തങ്ങളുടെ ദേഹത്തിൽ പൂശുകയും ചെയ്യുന്നതിനെ സേവകന്മാരു കണ്ടു അവരെ പിടിച്ചു മേലധികാരിയുടെ പക്കൽ കൊണ്ടുചെന്നു അവരും ക്രൈസ്തവികളാണെന്നു ബോധിപ്പിച്ചു. മേലധികാരി അവരെക്കണ്ടു ദേവന്മാക്ക നിങ്ങൾ ബലിചെയ്യുന്നതായാൽ വലുതായ സമ്മാനങ്ങൾ ഒക്കയും ഞാൻ തരുമെന്നു അവരോടു പറഞ്ഞു. അവർ അവനോടു മറുപടിയായി ദേവന്മാക്ക ഞങ്ങൾ ബലി ചെയ്യണമെന്നു നീ മനസ്സാകുന്നെങ്കിൽ നിന്റെ ദേവന്മാരെ എല്ലാം ഒരു സാക്കിൽ ഇട്ടു ഒരുമയുംകൊണ്ടു മുദ്രവച്ചു ഞങ്ങളോടുകൂടി അയക്കണം ഞങ്ങൾ നദിയിൽ ചെന്നു മുഖം കഴുകിയ ശേഷം അവക്ക ബലി ചെയ്യാം എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ മേലധികാരി സന്തോഷിച്ചു ദേവന്മാരെ അവരുടെ പക്കൽ കൊടുത്തയക്കുകയും അവർ അതിനെ വാങ്ങി നദിയുടെ ആഴമുള്ള സ്ഥലത്തേക്കു എറിഞ്ഞു കളകയും ചെയ്തു. അധികാരി ഇതറിഞ്ഞു കോപിച്ചു വലിയ ചൂളയെ കത്തിക്കുന്നതിനും ഒരുമയും ഉരുക്കുന്നതിനും ഇരിമ്പു ചട്ടങ്ങളെയും ഓട്ടുകൊണ്ടുള്ള ഏഴു പലകകളെയും ചൂടുപിടിപ്പിക്കുന്നതിനും വേറെ ഒരു സ്ഥലത്തു വെണ്ണയേറിയ തിരുശ്ശീലയെ കെടുന്നതിനും കല്പിച്ചുകൊണ്ടു സ്ത്രീകളോടു പറഞ്ഞതായതു; രണ്ടിൽ ഒന്നു തെരിഞ്ഞെടുപ്പിൻ, ഒന്നുകിൽ ദേവന്മാക്ക ബലി ചെയ്തുകൊണ്ടു നിങ്ങളെ രക്ഷിപ്പിൻ അതിനടയാളമായിട്ടു ആ തിരുശ്ശീലയെ കത്തുകയറിക്കൊൾവിൻ. എന്നാൽ അതിനു മനസ്സില്ലെങ്കിൽ നിങ്ങൾക്കായിട്ടു അനുഭവപ്പിൻ എന്നുപറഞ്ഞു. രണ്ടു കൂട്ടികൾ ഉണ്ടായിരുന്ന ആ സ്ത്രീകളിൽ ഒരുത്തി ആ തിരുശ്ശീലയെ പറിച്ചു കീറി ചൂളയിൽ ഇട്ടു കെടുപ്പിച്ചു അവളുടെ രണ്ടു മകൾ തള്ളയെ നോക്കി വാഴ്ത്തപ്പെട്ട ഞങ്ങളുടെ അമ്മേ! ഞങ്ങൾ ഒരു ലോകത്തിൽ നശിക്കാതെ ഇരിക്കുന്നതിനും നീ ഞങ്ങളെ പഠിപ്പിച്ചുവന്ന ക്രിസ്തീനി പഠനത്തിന്റെ ഏറ്റവും രുചികരമായ പാഠവഴിയായി ആകാശരാജിത്തിൽ ചെന്നു ചേരുന്നതിനും കൃപചെയ്യണമെ! എന്നു പറഞ്ഞു.

൪. എന്നാൽ മേലധികാരി അവരെ തൂക്കിക്കൊല്ലുന്നതിനും ഇരിമ്പു ചക്രങ്ങൾകൊണ്ടു അവരുടെ മാംസങ്ങളെ കീറുന്നതിനും കല്പിച്ചു. ഇങ്ങിനെ ആ ഭാഗ്യവതികളായ സ്ത്രീകൾ പീഡിക്കപ്പെടുകയിൽ അവരുടെ മാംസത്തിൽനിന്നു രക്തത്തിനു പകരം പാലു പുറപ്പെട്ടന്നതും അവരുടെ മാംസം മഞ്ഞുപോലെ വെളുത്തിരിക്കുന്നതും കണ്ടു. എന്തെന്നാൽ കർത്താവിന്റെ ദൂതന്മാരു അവക്ക പ്രത്യക്ഷമായി അവരെ സുഖപ്പെടുത്തു

കയും അവരോട്ട നിങ്ങൽ ഭയപ്പെടാ
തെ ധൈര്യത്തോട്ട യുദ്ധം ചെയ്യിൻ
എന്നു പാകയും ചെയ്യിരുന്നു. അനന്ത
രം മേലധികാരി അവരെരിച്ചളയിൽ
ഇടീച്ചു. അവിടെയും അവക്കു യാതൊരു
കേട്ട ഭവിക്കാത്തതു കണ്ടു മേലധികാരി
അവരെ നോക്കി നിങ്ങളുടെ മന്ത്രങ്ങ
ളെയൊക്കയും ഉപേക്ഷിച്ചു ഏന്റെ ദേ
വന്മാക്കു ബലി ചെയ്യിൻ എന്നു പറ
ഞ്ഞു. ആയതിനു ആ ഭാഗ്യപ്പെട്ട സ്ത്രീക
ൾ ഒരു സ്വരമായി അവനോട്ട പറഞ്ഞ
തായതു, പിശാചിന്റെ മകനെ! ഞ
ങ്ങളു രക്ഷിതാവായ ഒരംശോമ്ശിഹാ
യെ ഉപേക്ഷിക്കുന്നതിനും കേൾപ്പാനും
പറവാനും വശമില്ലാത്ത കല്ലിനേയും
മരങ്ങളെയും വണങ്ങുന്നതിനും ഞങ്ങ
ളോട്ട ഉപദേശിക്കണ്ടാ. ഞങ്ങൾ അ
കാശരാജിത്തിനു ക്ഷണിക്കപ്പെട്ടവരാ
കയാൽ നിനക്കു മനസ്സുള്ളതൊക്കയും
ഞങ്ങളോട്ട ചെയ്കൊൾകായെന്നു.

൫. അതിനാൽ മേലധികാരി അത്യ
ന്തം കോപിച്ചു അവരെ തലവെട്ടിക്കൊ
ല്ലുന്നതിനു തിപ്പു ചെയ്യ. സേവകരു
നിശ്ചയിക്കപ്പെട്ട സ്ഥലത്തിലേക്കു അവ
രെ കൂട്ടിക്കൊണ്ടു വന്നപ്പോൾ ആ ഭാ
ഗ്യപ്പെട്ട ഏഴ സ്ത്രീകൾ തങ്ങൾക്കു പ്രാ
ത്ഥിക്കുന്നതിന്നായിട്ടു കൊ സമയം കൊ
ടുക്കുന്നതിന്നായി സേവകന്മാരോടപേ
ക്ഷിച്ചു. അനന്തരം അവരു മുട്ടുകുത്തി
ഏറിയനേരം ദൈവത്തെ സ്തുതിക്കയും
പ്രാത്ഥിക്കയും ചെയ്തതിന്റെ ശേഷം അ
വരു നിലത്തുനിന്നു എഴുന്നേറു അവ
രുടെ കൈകളെ വിരിച്ചുകൊണ്ടു ക
ണ്ണുകളെ ആകാശത്തിലേക്കു ഉയത്തി
കൊണ്ടും ശുദ്ധ ഹൃദയത്തോട്ടുകൂടെ പ്രാ
ത്ഥിച്ചുകൊണ്ടിരിക്കയിൽ മേല്പറഞ്ഞ ര
ണ്ടു പൈതങ്ങൾ അവരുടെ തള്ളയുടെ
പക്കൽ ചെന്നുകൊണ്ടു അമ്മേ! നിങ്ങ
ൾക്കു ആകാശ പിതാവിന്റെ പക്കൽ
മുട്ടികൾ ആസ്പദമാക്കപ്പെട്ടിരിക്കുന്നു. എ
ന്നാൽ ഞങ്ങളെ ഏതുരും പരിശുദ്ധ
നും വീര പടയാളിയുമായ ബ്ളാസി
യോസ് മെത്രാനച്ചനെ ഏൽപ്പിക്കേണ
മെ! എന്നു പറഞ്ഞു. അതിന്റെ ശേ
ഷം സേവകൻ ആ ഏഴ ശുദ്ധമാക
പ്പെട്ട സ്ത്രീകളുടെയും തല കണ്ടിച്ചു.

൯. അനന്തരം മേലധികാരി വി.
ബ്ളാസിയോസിനെ കാരാഗൃഹത്തി
ൽ നിന്നു പുറത്തു കൊണ്ടുവരുവാൻ ക
ല്പിച്ചു. അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവന്നു
വിഗ്രഹത്തെ കുമ്പിടണമെന്നും അതു
ചെയ്യാത്തപക്ഷം കായലിൽ ഇട്ടമെ
ന്നും ഭയപ്പെടുത്തി പറഞ്ഞു. ഒരു മഹാ
ത്മാവു അവനെ ഭയപ്പെടാതിരിക്കുന്ന
തു കണ്ടു മേലധികാരി അയാളെ കാ
യലിൽ ഇടീച്ചു പുണ്യവാളൻ കുരിശി
ന്റെ അടയാളം വരച്ചുകൊണ്ടു ഓലി
യിൽ എന്നപോലെ ജലമദ്ധ്യേ യാ
തൊരു കേട്ടുകൂടാതെ നിന്നിരുന്നു. ദൈ
വബലത്തൻ ആ സമയത്തിൽ അദ്ദേഹത്തി
നു പ്രത്യക്ഷനായി ദൈവത്തിന്റെ മേ
ല്പട്ടക്കാരാനി ജലത്തിൽനിന്നു കയറി
ദൈവത്താൽ നിനക്കായത്തമാക്കപ്പെ
ട്ടിരിക്കുന്ന നിസ്യ മുടിയെ വാങ്ങിക്കൊ
ൾകായെന്നു പറഞ്ഞു. ഏന്നാൽ വി.
ബ്ളാസിയോസ് കരയിൽ എന്നപോ
ലെ വെള്ളത്തിന്മേൽ നടന്നു കൊണ്ടു
പുറത്തു വന്നു. അദ്ദേഹത്തിന്റെ മുഖം
നോക്കുന്നവരൊക്കയും ആശ്ചര്യപ്പെട്ട
വാൻ തക്കവണ്ണം ദീപം പോലെ പ്രകാ
ശിച്ചിരുന്നു. അനന്തരം മേലധികാരി
കോപം അടക്കാൻ വശമില്ലാതെ പു
ണ്യവാളനെ മരണത്തിനു തിപ്പു ചെ
യ്യ. തിപ്പു കഴിഞ്ഞയുടനെ മുൻ പറ
ഞ്ഞ കന്യാസ്ത്രീകൾ പൈതങ്ങളോട്ടുകൂടെ കു
ച്ചേരിയിൽനിന്നു നിശ്ചയിക്കപ്പെട്ട സ്ഥ
ലത്തു പോകയും കുംഭമാസം ൧൨൦൩-
സെബസ്തിയാ പട്ടണത്തിൽവച്ചു കോട്ട
സ്സുകത്തു കല്ലിന്റെ മീതെ നിറുത്തി
കൊണ്ടു അവരുടെ തലവെട്ടുകയും ചെ
യ്തു. എന്നാൽ ഭക്തിയുള്ള കന്യാസ്ത്രീകൾ
തങ്ങളുടെ ഇടയന്റെ ശരീരമെടുത്തു
അവിടെത്തന്നെ സംസ്കാരം ചെയ്കയും
ഇന്നുവരെ ആ സ്ഥലത്തു ഒരു മഹാത്മാ
വിന്റെ യോഗ്യതകളാൽ ഏറിയ അ
തിശയങ്ങൾ സംഭവിക്കയും ചെയ്യുന്നു.

൫. മുൻ പ്രസ്താപിക്കപ്പെട്ട ഭക്തിയുള്ള കിഴവി രക്തസാക്ഷിയായ വി. ബ്ളാസിയൂസ് മരിച്ച വിവരം അറിഞ്ഞു കാരാഗൃഹത്തിൽവച്ചു ശ്ലോഷിച്ചതുപോലെ ഒരു മഹാത്മാവിന്റെ ഓമ്മയെ കൊണ്ടാടുകയും അവളുടെ സംബന്ധക്കാർക്കു സ്നേഹിതന്മാർക്കും ഭൂമിയുടെ ഫലമൂലാദികളെ കൊടുത്തയയ്ക്കയും ചെയ്തു. ഒരു സുകൃതദിവസാന്തരത്തെ കണ്ടുപിടിച്ച മാറനേകരും ഇക്കാലംവരെയും രക്തസാക്ഷിയുടെ ഓമ്മയെ ഭക്തിപൂർവ്വം ശ്ലോഷിക്കയും ടീപങ്ങളെ കൊളുത്തിക്കൊണ്ടും സ്തുതിപുകൾ പാടിക്കൊണ്ടും വലിയ വിരുന്നു കഴിച്ചുകൊണ്ടും ആദിവസം ആഘോഷിക്കയും ചെയ്തുവരികപതിവാണു്.

III ശുദ്ധ. കുബ്രാനയെ സന്ദർശിക്കുന്ന ആത്മാവിനോടു ഒരുശോമിശിഹായുടെ വാത്സല്യ സംഭാഷണം.

എന്റെ മകനെ! എന്നെ ഇഷ്ടപ്പെട്ടത്തുന്നതിനു വലിയ ശാസ്ത്രങ്ങൾ കൊണ്ടു ആവശ്യമില്ല. എന്നെ നീ പക്ഷത്തോടുകൂടെ സ്നേഹിച്ചാൽ മാത്രം മതി. നിന്റെ അമ്മ തന്റെ കരങ്ങളിൽ നിന്നെ എടുത്തിരിക്കയിൽ നിനിന്റെ അമ്മയോടു സംസാരിക്കുന്നതുപോലെ എന്നോടു നീ സംഭാഷണം ചെയ്യുക. പ്രാർത്ഥനവഴിയായി എന്റെ അടുക്കൽ ഏല്പിക്കുന്നതിനു നിനക്കു് ചാർച്ചക്കാരും സ്നേഹിതരും ഇല്ലയൊ? അവരുടെ പേരുകളേയും അവർ ഓരോത്തക്കു ഞാനെന്തുചെയ്യണമെന്നും പറകാ. അധികം മോദിക്ക. മാറവക്കുവേണ്ടി തന്നെത്തന്നെ മാക്കുന്ന അമാഹാത്മ്യ ഹൃദയങ്ങളെ ഞാൻ സ്നേഹിക്കുന്നു.

നീ സഹായിക്കുന്നതിനു മനസ്സായിരിക്കുന്ന പാവപ്പെട്ടവനേയും വേദനഅനുഭവിക്കുന്നതായ കണ്ടരോഗികളേയും പാപവഴിവിട്ടു നൽവഴിക്കു തിരിക്കുന്നതിനു നീ ആഗ്രഹിക്കുന്ന പാപികളേയും നിന്നോടു രസകേടായിരിക്കുനിമിത്തം അവരുടെ പ്രീതിയെ ലഭിക്കുന്നതിനു നീ ആഗ്രഹിക്കുന്നവരേയും കുറിച്ചു എന്നോടു പറക. ഇവക്കു് എല്ലാവക്കും വേണ്ടി എരിവോടുകൂടെ നീ പ്രാർത്ഥിക്ക. ഹൃദയത്തിൽ നിന്നു വരുന്ന എല്ലാ പ്രാർത്ഥനകളേയും ഞാൻ കേൾക്കുമെന്നു പറഞ്ഞൊത്തിരിക്കുന്നതിനെ എന്നോടു ഓർപ്പിക്ക. സംശയംകൂടാതെ, നാം സ്നേഹിക്കുന്നവക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന വാക്കാൽ മാത്രമല്ലാത്ത നമ്മുടെ ഹൃദയത്തിൽ നിന്നു വരുന്ന അപേക്ഷകളായിരിക്കുന്നു. നിനക്കു വേണ്ടി തന്നെ വല്ല സഹായങ്ങൾ ഞാൻ ചെയ്തുതരുന്നതിനു എന്നോടു അപേക്ഷിപ്പാനില്ലെ? നിന്റെ ആത്മത്തിന്റെ എല്ലാ ആവശ്യങ്ങളേയും ഓർത്തു എന്റെ പക്കൽ ബോധിപ്പിക്ക. നീ എന്തുമാത്രം തന്നിഷ്ടക്കാരനും, നിഗളിയും, സുഖപ്രിയനും, സ്വാർത്ഥപരനും, ഭീരുവും, മടിയനും ആകുന്നുയെന്നു എന്നോടു നിഷ്കൂപടമായി പറക. നിന്നെത്തന്നെ നന്നാക്കുന്നതിനു എന്നോടു നീ അപേക്ഷിക്ക. എന്റെ പ്രിയ മകനെ! ധൈസനിക്കുണ്ടാ. നിന്നെപ്പോലെ തന്നെ പല കെല്പുക്ഷയങ്ങളുണ്ടായിരുന്ന വളരെ പുണ്യാത്മാക്കൾ ഇപ്പോൾ മോക്ഷത്തിലുണ്ടായിരിക്കുന്നു. അവർ എന്നോടപേക്ഷിക്കയും ക്രമേണ അവകൾ അവരിൽ നിന്നു നീങ്ങിപോകയും ചെയ്തു. ആത്മശരീരദാനങ്ങളായ സൌഖ്യം, ഓമ്മ, ശുഭം എന്നിവകൾക്കുവേണ്ടി എന്നോടു അപേക്ഷിക്കുന്നതിനു ശങ്കിക്കുണ്ടേ. ഇവിക്കു എല്ലാം തരുന്നതിനു ശക്തിയുണ്ടായിരിക്കുന്നു. ആത്മാവുകളെ ശുദ്ധമാക്കുന്നതിനു് ഉപകരിക്കുന്ന അപേക്ഷകളെ ഞാൻ സദാ നൽകുകയും ചെയ്യുന്നു. എന്റെ മകനെ! നിനക്കു ഇ

ന്നു എന്താകുന്നു ആവശ്യമുള്ളതു്? ഓ! നിനക്കു നന്മ ചെയ്യുന്നതിനു ഇനിക്കെന്തുമാത്രം അഗ്രഹമുണ്ടെന്നു് നീ അറിഞ്ഞിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

ഇനിയും നിനക്കു ആവശ്യമുള്ള കാര്യങ്ങളെന്നും ചോദിപ്പാനില്ലെ? അവകളെയെല്ലാം എന്നോടു പറക. അവകൾ നിന്റെ ദിവ്യവിളിയെപ്പറ്റിയുള്ളവയാണൊ? അവകളെക്കുറിച്ചു് നീ എന്താകുന്നു വിചാരിക്കുന്നതു്? നിന്റെ ഇഷ്ടം എന്താകുന്നു? നിനക്കിഷ്ടമുള്ള വല്ലൊരുത്തനു സന്തുഷ്ടിവരുത്തുന്നതിനു നീ ഉദ്ദേശിക്കുന്നുവോ? എന്തു ചെയ്വാനാകുന്നു നീ അഗ്രഹിക്കുന്നതു?

നിനക്കു എന്നെക്കുറിച്ചു് ശുശ്രൂഷിക്കേണ്ടതായൊരു ചിന്തയുമില്ലയൊ? പക്ഷേ എന്നെമാനു നടക്കുന്ന നിന്റെ സ്നേഹിതരുടെ ആത്മാവുകൾക്കുവേണ്ടി നീ അല്പനന്മയെങ്കിലും ചെയ്യുന്നതിനു വിചാരപ്പെടുന്നില്ലയൊ? നിന്നെ സംബന്ധിക്കുന്നവരെക്കുറിച്ചും അതിനു നിന്നെ ഉത്സാഹിപ്പിക്കുന്ന മുഖാന്തരത്തെക്കുറിച്ചും അവക്കു് നന്മചെയ്യുന്നതിനു നീ ഉപയോഗിപ്പാനിരിക്കുന്ന പോംവഴിയെന്തെന്നും എന്നോടു പറക.

നിന്റെ തെറ്റുകളെ വിശ്വസ്തതയോടെ എന്നെ ഭരമേല്പിക്ക. അവകളുടെ കാരണങ്ങളെ ഞാൻ നിനക്കു് കാണിച്ചുതരാം. നിന്റെ പ്രയത്നങ്ങളിൽ ആർ നിന്നെ സഹായിപ്പാൻ നീ അഗ്രഹിക്കുന്നു? സകല ഹൃദയങ്ങളുടെയും നാഥൻ ഞാനാകുന്നു. ഇനിക്കിഷ്ടമായവയിലേക്കു ഞാനവകളെ സാവധാനത്തിലാകർഷിക്കുന്നു. പേടിക്കേണ്ട. നിനക്കു ആവശ്യമുള്ളവരെ നിന്റെ സമീപെ ഞാനാക്കും.

നിന്നെ വിഷമിപ്പിക്കുന്നതായ യാതൊന്നുമില്ലയൊ? എന്റെ മകനെ! നിന്റെ ദിനംപ്രതിയുള്ള ചെറിയ പീഡകളെ എന്നോടു നീ അറിയിക്കുക. നിന്നെ ആർ വേദനയനുഭവിപ്പിച്ചു? നിന്റെ സ്വസ്നേഹത്തെ ആർ മുറിപ്പെടുത്തി? ആർ നിന്നെ നിന്ദിച്ചു? എല്ലാം എന്നോടു പറക. എന്നതിന്റെ ശേഷം ഇവരോടു എല്ലാവരോടും ഞാൻ പൊറുക്കുന്നുയെന്നും പറക. അപ്പോൾ ഞാൻ നിനക്കു് എന്റെ ആശ്വാദം തരും.

വേദനയുള്ള യാതൊന്നിനെക്കുറിച്ചു നീ പേടിക്കുന്നൊ? യുക്തമല്ലെന്നു നിനക്കു തോന്നുന്നുവെന്നുവരികിലും പിന്നെയും നിന്നെ പീഡിപ്പിക്കുന്നതായ യാതൊരു വ്യർത്ഥമായ ഭയം നിന്റെ ആത്മത്തിലുണ്ടൊ? എന്റെ പരിപാലനയിന്മേൽ നീ മുഴുവനായി ആശ്രയിക്ക. ഞാനിപ്പിടെയിരുന്നു എല്ലാം കാണുന്നു. ഞാൻ നിന്നെ ഉപേക്ഷിക്കയില്ല.

നിന്നോടു മുമ്പിലത്തെപ്പോലെയുള്ള പക്ഷം കാണിക്കാത്ത സ്നേഹിതൻ ഇപ്പോൾ നിനക്കുണ്ടൊ? നീ മനഃപൂർവ്വമായി അവരെ ഉപദ്രവിക്കുന്നതിനു യാതൊന്നും ചെയ്യാതെയിരിക്കയിൽ അവർ അവരുടെ അജാഗ്രതയാലൊ മറവിയാലോ നിന്നെ ഉപേക്ഷിച്ചതാണോ? അവക്കുവേണ്ടി നീ പ്രാർത്ഥിക്ക. അവരുടെ മിത്രത്വം നിനക്കുപകരിക്കുമെങ്കിൽ ഞാൻ അവരെ നിന്റെ ഇഷ്ടരാക്കും.

ഇനി നിനക്കു സംഭവിച്ച വാർത്തസന്തോഷവാർത്തകൾ എന്നോടു അറിയിക്കുന്നതിനില്ലയൊ? നിന്റെ സന്തോഷങ്ങളെ മനോവിശ്വാസത്തോടുകൂടെ എന്നോടറിയിക്കാത്തതെന്തു്? ഇന്നലെമുതൽ നിന്നെ ആശ്വസിപ്പിക്കുന്നതിനും, സൌഭാഗ്യനാക്കുന്നതിനും, പ്രസാദിപ്പിക്കുന്നതിനും തക്കതായി എന്തു സംഭവിച്ചുവെന്നു എന്നോടു പറക. നിനച്ചിരിയാത്ത ഒരു സന്ദർശനം നിനക്കു നന്മവരുത്തി; ഒരു ഭയം പെട്ടെന്നു നീങ്ങിപ്പോയി. പാർത്തിരിക്കാത്ത ശുഭത്തെ നീ കണ്ടെത്തി, പക്ഷത്തിനുള്ള ചില ചിഹ്നങ്ങൾ നിനക്കു കിട്ടി, നീ നിരൂപിച്ചിരുന്നതിനെക്കാൾ ശക്തിയായിരുന്ന പരീക്ഷകൾ നിന്നെ വിട്ടുപോയി. എന്റെ മകനെ! ഇവ

കളൊക്കയും ഞാൻ നിനക്കുവേണ്ടി ല ഭിച്ചുതന്നവളാകുന്നുവെന്നു നീ ഓർക്കുക. നീ എന്നെ ഇവകളെക്കുറിച്ചു കൃതജ്ഞ തയില്ലാത്തവനായിരിക്കുന്നു? ഞാൻ സ്തോത്രം ചെയ്യുന്നുയെന്നു ഏന്തുകൊണ്ടു നീ പറയുന്നില്ല. നന്ദി ഇനിഅധികം നന്മകളെ കിട്ടുന്നതിനു നമുക്കുറപ്പുവരുത്തുന്നു. ഉപകാരിതന്റെ ഔദാര്യത്തെക്കുറിച്ചു ഓർപ്പിക്കപ്പെട്ടന്നതിന്മേൽ ഇഷ്ടപ്പെടുന്നു.

നിനക്കെന്നോടു യാതൊരുവാശ്രത്തം ചെയ്യുന്നതിന്നില്ലയൊ? ഞാൻ സകല ഹൃദയങ്ങളേയും അന്വേഷിക്കുന്നുയെന്നു നീ അറിക. മനുഷ്യർ തട്ടിക്കപ്പെടുന്നു, എന്നാൽ ദൈവം ഒരിക്കലും തട്ടിക്കപ്പെടുന്നില്ല. നിശ്ചലടനായിരിക്ക.

ആ പാപഹേതുവിനെ അകറ്റുന്നതിനും സ്വർഗ്ഗവാഥയിൽനിന്നു നിന്നെ തെറ്റിക്കുന്ന ആ വസ്തുക്കളെ ഉപേക്ഷിക്കുന്നതിനും, ദൈവഭക്തിയില്ലാത്തവനും അവന്റെ സന്നിധി നിന്റെ ആത്മത്തിൻ സമാധാനത്തെ കലക്കുകയും ചെയ്യുന്നുവെന്നവന്റെ സഹവാസത്തെ നീക്കുന്നതിനും നീ കരുതുന്നോ? നിന്നെ ഉപദേവിച്ച ആ സഖിയുടെ പക്കലടനെപോയി അവനോടു പ്രീതിയുള്ളവനാകുമൊ?

കൊള്ളാം! എന്റെ മകനെ! ഇപ്പോൾ നീ പോയി നിന്റെ പ്രതിദിനമുള്ള വേലകളെത്തന്നെ പുനരാരംഭിക്ക. മൌനം, അടക്കം, ക്ഷമ, ഉപവി എന്നീ പുണ്യങ്ങളാൽ അലങ്കരിക്കപ്പെട്ടവനും, ജപപ്രിയനും നീയായിരിക്ക. ഭാഗ്യപ്പെട്ട കന്യാസ്ത്രീ മറിയത്തെ പക്ഷത്തോടുകൂടെ നീ സ്നേഹിക്ക. ഇനിയും അധികം ദൈവഭക്തിയുള്ളതും സ്നേഹമുള്ളതും ആയ ഒരു ഹൃദയത്തോടുകൂടെ നീ നാളെ വരിക. അപ്പോൾ പുതിയ സഹായങ്ങളെ ഞാൻ നിനക്കു ചെയ്യുതരാം.

"പ്രവൃത്തിക്ക, സ്നേഹിക്ക, ക്ഷമിക്ക" എന്നവകൾ നമ്മുടെ മൂലപ്രമാണമായിരിക്കട്ടെ. ഇതിനോടുകൂടെ ഭക്തി വിശ്വസ്തതയും, പശ്ചാത്താപവും കൂടെ ഉണ്ടാകട്ടെ. ദൈവത്തെ സ്നേഹിക്കയും തന്റെ തിരുമനസ്സിനെ നിറവേറുകയും ചെയ്ക എന്ന ഒരേകാഗ്രഹം മാത്രമെ നമുക്കുണ്ടാകാവു.

Y.g.o.A. .2

IV പുണ്യപരിക്ഷ.

പ്രധാന പുണ്യങ്ങൾ.

വിവേകം, നീതി, ധൈര്യം, പതം, എന്നീ നാലു പുണ്യങ്ങൾ പ്രധാനങ്ങൾ അഥവാ മുഖ്യതരങ്ങളായ പുണ്യങ്ങളെന്നു വിളിക്കപ്പെടുന്നു. കാരണം, മറ്റു സാന്മാർഗ്ഗിക പുണ്യങ്ങളെല്ലാം ശാഖകൾ തായിത്തടിയോടു എങ്ങനെയോ അങ്ങനെ ഇവകളോടു സംബന്ധിക്കുന്നു. വിശുദ്ധ ഗ്രിഗോരിയോസ് ഈ നാലു പുണ്യങ്ങളെ പർദീസായെ നനെച്ചുകൊണ്ടിരുന്ന നാലു ആറുകളോടു ഉപമിക്കുന്നു. ആ നാലു പ്രസിദ്ധനദികൾ ഭൂമിയുടെ ഉപ്പിനെ എപ്രകാരം ശമിപ്പിച്ചുവോ അപ്രകാരം ഈ നാലു മുഖ്യതര പുണ്യങ്ങൾ ഹൃദയത്തെ ലൌകികാശകളുടെ ഉപ്പിനിൽനിന്നു തണുപ്പിക്കുന്നു. (Moral 1- 2- c. 36)

ആദത്തിന്റെ പാപം നിമിത്തമായി മനുഷ്യസ്വഭാവത്തിനു നാലു പ്രധാനമുറിവുകൾ അഥവാ കേടുകൾ പറ്റിയിട്ടുണ്ട്. ക. ബുദ്ധിയിൽ അന്ധത, ഖ. മനസ്സിൽ തിന്മയിലേക്കുള്ള ആസക്തി, ന. കീഴ്ശത്തിൽ അതിഭയം, ഘ. അതിമോഹം. ഇവയിൽ ബുദ്ധിയുടെ അജ്ഞതയ്ക്കു വിരോധമായി വിവേകവും, മനസ്സിന്റെ തിന്മയിലേക്കുള്ള ആസക്തിക്കു എതിരായി നീതിയും, ന്യായവിരോധമായുള്ള അതിഭയത്തിനു എതിരായി ധൈര്യവും, അതിമോഹത്തിനെതിരായി പതവും നിൽക്കുന്നു.

ഈ നാലു പുണ്യങ്ങളുടെ ശ്രേഷ്ഠത

ക്രമം നോക്കിയാൽ വിവേകം, എല്ലാ പുണ്യങ്ങളുടെയും നായകസ്ഥാനം വഹിക്കയാൽ ഒന്നാം സ്ഥാനത്തും ദീതി സാമാന്യഗുണത്തെ നോക്കുന്നതിനാൽ രണ്ടാം സ്ഥാനത്തും; ധൈര്യം പൊതുനന്മയേയും മാറു പുണ്യങ്ങളെയും സംരക്ഷിക്കുന്നതിൽ നേരിടുന്ന അപകടങ്ങളോട് എതിക്കുന്നതിനാൽ മൂന്നാം സ്ഥാനത്തും; പതം, ഓരോരുത്തന്റെ പ്രത്യേകഗുണത്തെ സംബന്ധിക്കുന്നതിനാൽ ഒട്ടുക്കത്തെ സ്ഥാനത്തും നിൽക്കുന്നു. ഇനി ഈ പുണ്യങ്ങളിൽ ഓരോന്നിനെക്കുറിച്ചു ആലോചിക്കാം.

വിവേകം.

ക. വിവേകം എന്താകുന്നു? ഇതു പ്രവർത്തിക്കേണ്ടവകളുടെ അഥവാ കർത്തവ്യങ്ങളുടെ നേരായ പ്രമാണമാകുന്നുവെന്നു അരിസ്റ്റോത്തലസും സ്വീകരിക്കേണ്ടവയും വർജ്ജിക്കേണ്ടവയും ആയവകളുടെ അറിവാകുന്നു എന്നു വിശുദ്ധ ഔഗുസ്തിനോസും ലക്ഷിച്ചു പറയുന്നു. പ്രശസ്തന്മാരായ ഇരു ഗ്രന്ഥകർത്താക്കളുടെയും അഭിപ്രായപ്രകാരം വിവേകം, ഒരു കാര്യം ശരിയായി നിവർത്തിക്കേണ്ടതിനു ഓരോ സംഗതികളിൽ എന്തു ചെയ്യണം? എന്തു വർജ്ജിക്കണം എന്നു നമുക്കു കാണിച്ചുതരുന്ന ബുദ്ധിയുടെ ഒരു പുണ്യമാകുന്നു. അതുകയാൽ വിവേകം മാറു സാന്മാർഗ്ഗികപുണ്യങ്ങളെപോലെ മനസ്സിനെ സംബന്ധിക്കുന്ന ഒരു പുണ്യമെന്നല്ല പറയേണ്ടതു്. പുണ്യത്തിന്റെ ഓരോ പ്രത്യേകാഭ്യാസത്തെ സംബന്ധിക്കുന്ന പോംവഴികളെ തേടുകയും ചുരുവാട്ടുകളെ ആലോചിക്കയും ചെയ്യുന്നതിൽ മാറു പുണ്യങ്ങളെ നയിക്കുന്ന ബുദ്ധിയുടെ ഒരു പുണ്യമത്രെ. ഇതിനാൽ വിവേകം പുണ്യങ്ങളുടെ സാരഥി അഥവാ വണ്ടിയടിക്കുന്നവൻ എന്നു വിളിക്കപ്പെടുന്നു.

അതുകയാൽ സുമനസ്സിയ വേദപാരഗന്റെ ഉപദേശപ്രകാരം വിവേകത്തിൽ മൂന്നു കാര്യം അടങ്ങിയിരിക്കുന്നു. ക. ഒരു പ്രവൃത്തിയെ ഉത്തമമായി ചെയ്യുന്നതിനുള്ള ഉപായങ്ങളെ കണ്ടുപിടിക്ക; ഇതു ആലോചന എന്നു പറയപ്പെടുന്നു. ഖ. തല്ക്കാല സാഹചര്യങ്ങളുടെ സ്വഭാവം അനുസരിച്ചു പ്രയോഗിക്കേണ്ട ഉപായങ്ങളുടെ ഔചിത്യത്തെ ശരിയായി വിധിക്ക; ഇതു നിർണ്ണയമെന്നു പറയപ്പെടുന്നു. ന. ബുദ്ധി നടത്തേണ്ടതായി നിശ്ചയിച്ച പ്രകാരം പ്രവർത്തിക്കുന്നതിനു മനസ്സിനെ വിനിയോഗിപ്പാനുള്ള കല്പന. ഇങ്ങനെ ആലോചന, നിർണ്ണയം, കല്പന എന്നീ മൂന്നു കാര്യങ്ങൾ വിവേകത്തിന്റെ സാരാംശഭാഗങ്ങൾ ആകുന്നു.

വിവേകത്തിനു ഈ മൂന്നു സാരാംശഭാഗങ്ങൾ കൂടാതെ വിവേകത്തെ പൂർത്തിയാക്കുന്ന എട്ടു പൂർത്തീകരണഭാഗങ്ങളുണ്ടു്. ക. ഓർമ്മ, ഖ. ബുദ്ധി, ന. വിധേയത്വം, ഘ. സാമർത്ഥ്യം, ങ. ന്യായബോധം, ച. മുൻനോട്ടം, ഛ. പരിക്ഷണം, ജ. ക്ഷമാശക്തി. ഇവയിൽ ആദ്യത്തെ നാലും വിവേകത്തിന്റെ സാരാംശഭാഗമായ ആലോചനയോടു സംബന്ധിക്കുന്നു. ഓർമ്മയുടെയും ബുദ്ധിയുടെയും ഉപകാരം എന്തെന്നാൽ, നാം അഗ്രഹിക്കുന്ന കാര്യം സാധിക്കുന്നതിനു മുൻ അവസരങ്ങളിൽ നാം സഫലമായി ഉപയോഗിച്ച ഉപായങ്ങളെ ഓർക്കുന്നതിനു ഓർമ്മയും, ആ ഉപായങ്ങൾ തല്ക്കാലം സാധിക്കേണ്ട കാര്യത്തിനു ഉപകരിക്കുമോ എന്നു കണ്ടുപിടിക്കുന്നതിനു ബുദ്ധിയും നമുക്കു അവശ്യമാകുന്നു.

വിധേയത്വമെന്നതു ശരിയായി പ്രവർത്തിക്കേണ്ടതെങ്ങനെയെന്നു അറിവുള്ളവരോടു ചോദിക്കുന്ന ഒരു പുണ്യമാകുന്നു. ജ്ഞാനമുള്ളവൻ സ്വാതന്ത്ര്യമായി അന്യന്മാരോടു ആലോചന ചോദിക്കുന്നുവെന്നു ശ്ലോമോൻ പറയുന്നു. (സുഭാ– ക൨. ക൫.) ആലോചനയുടെ ഭാഗമായി ഇവിടെ പറയുന്ന സാമർത്ഥ്യം ഉദ്ദേശിച്ചു കാര്യം സാധിക്കുന്നതിനു ഏതു പോംവഴികൊള്ളാം എന്നു ശരിയായി ഊഹിക്കുന്നതാകുന്നു. മുൻനോട്ടം

എന്നതു നമ്മുടെ പ്രവൃത്തിയുടെ ഭാവിഫലങ്ങളെ മുൻകൂട്ടി കാണുന്നതാകുന്നു. ഇവകൾ ആലോചനയുള്ള ഏതു ആവശ്യമുള്ള ഭാഗങ്ങൾ ആകുന്നുവെന്നു ഏവക്കും എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാകുന്നു.

നല്ലതിനെ സംബന്ധിക്കുന്ന ഭാഗമായ ന്യായബോധം, ആഗ്രഹിച്ച കാര്യം സാധിക്കുന്നതിനു തെരിഞ്ഞെടുക്കുന്ന ഉപായങ്ങളുടെ ഔചിത്യത്തെ കാണിക്കുന്നു. പരീക്ഷണം എന്നതു കാര്യനിവൃത്തിക്കായി തെരിഞ്ഞെടുത്തപോരം വഴി ഉദ്ദിഷ്ടലക്ഷ്യത്തിനു ഉത്തമായിരിപ്പാൻ വേണ്ടിയുള്ള ചിന്തയാകുന്നു. കടശിയായി ക്ഷമാശക്തി എന്നതു ഉദ്ദേശിച്ച കാര്യം സാധിക്കുന്നതിൽ വരുന്ന കഷ്ടതകളെല്ലാം ക്ഷമിക്കുന്നതാകുന്നു.

വിവേകം, നടത്തുന്ന കാര്യങ്ങളുടെ വിവിധത്വം അനുസരിച്ചു പല പേരുകൾ ധരിക്കുന്നു. വിവേകം ഗൃഹപരിപാലനയെ സംബന്ധിക്കുമ്പോൾ ഗൃഹപരിപാലന വിവേകം എന്നും, നഗരത്തെ സംബന്ധിക്കുമ്പോൾ നാഗരിക വിവേകം എന്നും, യുദ്ധകാര്യം സംബന്ധിക്കുമ്പോൾ സൈനീയ വിവേകം എന്നും, സന്ന്യാസഭരണം സംബന്ധിക്കുമ്പോൾ യോഗീയ വിവേകം എന്നും വിളിക്കപ്പെടുന്നു.

കടശിയായി വി. ബർണ്ണർദോസു വിവേകത്തെക്കുറിച്ചു പറയുന്നതു നാം ഏപ്പോഴും മനസ്സിൽ കാക്കേണ്ടതാകുന്നു. അദ്ദേഹം വിവേകത്തെക്കുറിച്ചു പറയുന്നതായതു: ഈ പുണ്യം മറ്റെല്ലാ പുണ്യങ്ങളെയും ക്രമപ്പെടുത്തുന്നു. ഇതു അവയ്ക്കു മിതഭാവവും, ശോഭയും, സ്ഥിരതയും കൊടുക്കുന്നു. അതുകയാൽ വിവേകം ഒരു പുണ്യം എന്നല്ല, പുണ്യങ്ങളുടെ നായികയും സാരഥിയും പക്ഷങ്ങളുടെ ക്രമീകരണയും മറ്റുള്ളതിന്റെ ഉപായ്യായവും ആകുന്നു. വിവേകത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചു ശ്ലേമോൻ പറയുന്നതായതു: ജ്ഞാനത്തെ കണ്ടെത്തുന്നവനും, വിവേകത്തിൽ സംപൂർണ്ണനായിരിക്കുന്നവനും ഭാഗ്യവാൻ. എന്തെന്നാൽ ഇതിന്റെ സമ്പാദ്യം വെള്ളിയുടെയും മാറ്റേറിയ സ്വർണ്ണത്തിന്റെയും വ്യാപാരത്തെക്കാൾ ഏറ്റം നല്ലതാകുന്നു. വി. ബർണ്ണർദോസു പറയുന്നതായതു: വിവേകം ഇല്ലാഞ്ഞാൽ പുണ്യം തന്നെയും ദുർഗ്ഗുണമായി തിരിയും. എന്തെന്നാൽ പുണ്യം മദ്ധ്യേ നില്ക്കുന്നു. ഔദാര്യത്തെ ലോഭത്തിന്റെയും അതിധാരാളശീലത്തിന്റെയും മദ്ധ്യേ നിർത്തുന്നതു വിവേകമാകുന്നു.

ഫ്രാൻ. ൨. ൫.

V. തിരുസ്സഭാചരിത്രം.

(തുടർച്ച.)

ചെറിയാക്കോബ്ലീഹായുടെ പ്രേഷകനായ യൂദായെക്കൂടാതെ ശിമയോൻ എന്നു പേരായ ഒരു സഹോദരൻകൂടെ ഉണ്ടായിരുന്നു. ഇവർ നമ്മുടെ കർത്താവിന്റെ അടുത്ത സംബന്ധികളുണ്ടു. സകല വിശ്വാസികളുടെയും ആഗ്രഹപ്രകാരം ശിമയോൻ ഓർശ്ലേമിലെ മെത്രാനായി തിരിഞ്ഞെടുക്കപ്പെട്ടു. എന്നാൽ യൂദന്മാരുടെ നാശത്തേയും അവർ ചിതറിക്കപ്പെടുവാനിരിക്കുന്നതിനെയും കുറിച്ചുള്ള ദിവ്യരക്ഷകന്റെ ദീർഘദർശനങ്ങൾ നിറവേറുവാനുള്ള സമയം അടുത്തിരുന്നു. തൽമൂദ് എന്ന പ്രബന്ധത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നതുപോലെ ഓർശ്ലേമിന്റെ നാശത്തിനു നാല്പതുവർഷം മുമ്പു അതായതു മിശിഹായുടെ ഭംഗപ്പാടിന്റെ കാലത്തു ശ്രേഷ്ഠസൂചകവും ഭയങ്കരവുമായ അതിശയങ്ങൾ ദേവാലയത്തിൽ സംഭവിച്ചു. പന്തക്കുസ്താതിരുനാളിൽ ദേവാലയത്തിലെ ശുദ്ധതയുടെ ശുദ്ധത എന്ന സ്ഥലത്തുനിന്നു: "നമുക്കു ഇവിടെനിന്നു പോകാം;" എന്നു ഒരു ശബ്ദം കേൾക്കപ്പെട്ടതായി പറയപ്പെട്ടിരിക്കുന്നു. ഈ ശബ്ദം ആ ദേവാലയത്തെ കാത്തിരുന്ന ദൈവഭക്തന്മാരുടേ

തായിരുന്നു. അതിനെ ദൈവം ഉപേക്ഷിച്ചതിനാൽ അവിടെനിന്നുപോയി. യോസേപ്പൂസ് എന്ന ചരിത്രകാരൻ സാക്ഷിക്കുന്നതു പോലെ, ഓർശ്ലേമിന്റെ നാശഹേതുവായ യുദ്ധത്തിനു നാലുവർഷം മുമ്പു ആ പട്ടണനിവാസികൾക്കു ഒരു മുന്നറിവുണ്ടായി. അതു എങ്ങിനെയെന്നാൽ, പന്തൽ പെരുനാൾ ദിവസത്തിൽ അനാനസിന്റെ പുത്രനായ ഈശോ എന്നു പേരായ ഒരു മനുഷ്യൻ വന്നു. "പട്ടണത്തിനു നാശം! നാശം! ദേവാലയത്തിനു നാശം! കിഴക്കുനിന്നു ഒരു ശബ്ദം, പടിഞ്ഞാറു നിന്നൊരു ശബ്ദം! ആകാശത്തിന്റെ നാലുഭാഗങ്ങളിൽനിന്നും ശബ്ദം! ദേവാലയത്തിനു നാശം! ഓർശ്ലമിനു നാശം!" എന്നിങ്ങനെ നിലവിളിച്ചു പറഞ്ഞു. രാവും പകലും പട്ടണത്തിനു ചുറ്റും നടന്നു ഈ വാക്കുകളെ അവൻ ഉച്ചരിച്ചിരുന്നു. അവനെ അടിക്കുന്നതിനു ന്യായാധിപന്മാർ വിധിച്ചു. എങ്കിലും അവൻ യാതൊരു സമാധാനവും പറയാതെ 'ദേവാലയത്തിനു നാശം! ഓർശ്ലേമിനു നാശം' എന്നു കണ്ണുനീരുമായി പറഞ്ഞിരുന്നു. അവനെ റോമൻ ഗവർണരുടെ അടുക്കൽ കൊണ്ടുപോയപ്പോൾ വീണ്ടും അവനെ അടിക്കുന്നതിനായിട്ടു അയാൾ വിധിച്ചു. എന്നാൽ അവൻ കൊണ്ട ഓരോ അടിക്കും "ഓർശ്ലേമിനു നാശം! നാശം!" എന്നു പ്രലാപത്തോടെ പറഞ്ഞിരുന്നതല്ലാതെ കരയുകയാകട്ടെ, മാപ്പു അപേക്ഷിക്കയാകട്ടെ ചെയ്തില്ലാ. അവൻ എവിടെനിന്നു വന്നുവെന്നും അവൻ പറയുന്നതിന്റെ സാരം എന്തെന്നും അവർ അവനോടു ചോദിച്ചതിനു അവന്റെ ഉത്തരം 'നാശം! നാശം!, എന്നു മാത്രമായിരുന്നു. ഓർശ്ലേം കടശിയായി വളയപ്പെട്ടപ്പോൾ അവൻ വീണ്ടും വന്നു മേൽപ്രകാരം പറയുവാൻ തുടങ്ങി. ഒടുവിൽ ഒരുദിവസം അവൻ 'ഇനിക്കുതന്നെ നാശം! നാശം!, എന്നു വിളിച്ചു പറകയും അപ്പോൾതന്നെ പട്ടണത്തെ വളഞ്ഞിരുന്ന ശത്രുക്കളുടെ ഇടയിൽനിന്നു എറിഞ്ഞ ഒരു കല്ലുകൊണ്ടു കൊല്ലപ്പെടുകയും ചെയ്തു.

യുദന്മാർ വാ വർഷത്തോളം റോമാക്കാരുടെ കീഴിൽ ഇരുന്നു. എന്നാൽ ഈ സമയത്തും അവർ അടിമയിൽതന്നെയായിരുന്നു. കുറമില്ലാത്തവനായ നമ്മുടെ കർത്താവിനെ മരണത്തിനു വിധിച്ചതിനാൽ പിലാത്തോസിനെ തിബേരിയോസു വിയന്നായിലേക്കു നാടുകടത്തി. അവൻ ക്രിസ്താബ്ദം ൩൬-ൽ അവിടെവച്ചു മരിച്ചു. കുറേക്കാലം കഴിഞ്ഞപ്പോൾ യുദന്മാർ റോമാക്കാരോടെതിർത്തു കലഹിപ്പാൻ തുടങ്ങി. വിവേകികളായ ചിലർ പട്ടണത്തിനു വരുവാനിരിക്കുന്ന നാശത്തെക്കണ്ടു അതിനെ ഉപേക്ഷിച്ചുപോയി. ക്രിസ്ത്യാനികൾ മിശിഹാ ഏൽപ്പിച്ചിരുന്ന പ്രകാരം സിരിയായിലുള്ള പെല്ല എന്ന സ്ഥലത്തുപോയി താമസിച്ചു. റോമാക്കാർക്കു സല്പമായ ഒരു തോൽവി പറ്റി. അപ്പോൾ യുദന്മാർക്കു ധൈര്യം വർദ്ധിച്ചതിനാൽ അവരെ അമർത്തുന്നതിനായിട്ടു വെസ്പസിയാനെ നിയമിച്ചു. എന്നാൽ യുദന്മാരുടെ ഇടയിൽ അന്തഃഛിദ്രം വർദ്ധിച്ചതിനാൽ അവർ തന്നത്താൻ നശിക്കുന്നതിനായിട്ടു അവൻ കാത്തിരുന്നു. ഇതിനിടയ്ക്കു അയാൾ ചക്രവർത്തിയായി തിരഞ്ഞെടുക്കപ്പെട്ടകയാൽ അയാളുടെ മകനായ തെത്തോസിനെ ഈ ജോലിക്കു നിയമിച്ചു. തെത്തോസു ഓർശ്ലേം പട്ടണത്തെ മുറ്റിവളഞ്ഞു. ഇതു പെസഹാ തിരുനാളിൽ ആയിരുന്നതിനാൽ അവിടെ കൂടിയ പുരുഷാരം അസംഖ്യമായിരുന്നു. അവരുടെ ഭക്ഷണസാധനം തീർന്നുപോയതിനാൽ അവിടെ നടന്ന സംഗതികൾ എത്രയും ഭയങ്കരവും കണ്ണുനീരുണ്ടാക്കുന്നതുമായിരുന്നു. ഇങ്ങനെ അവരെക്കുറിച്ചുള്ള നിർണ്ണയങ്ങൾ നിവൃത്തിയായി നിറവേറി. ഏതാനും ദിവസങ്ങളുടെ ശേഷം തെത്തോസു പട്ടണത്തിൽ പ്രവേശിച്ചു, ദേവാ

ലയത്തെ കൈവശപ്പെടുത്തി. അപ്പോൾ ഒരു പടയാളി അതിനു തീകൊടുത്തു; അതു കൊടുത്തുന്നതിനു വളരെ പ്രയാസപ്പെട്ടുവെങ്കിലും യാതൊരു പ്രകാരത്തിലും സാധിച്ചില്ല. യൂദന്മാരിൽ അനേകംപേർ കൊല്ലപ്പെടുകയും ശേഷം ഉള്ളവർ റോമായിലേക്കു അടിമകളായി കൊണ്ടു പോകപ്പെടുകയും ചെയ്തു.

ഇപ്രകാരം നമ്മുടെ കർത്താവിന്റെ ഭീഷ്ടദർശനങ്ങൾ നിറവേറി. തെത്തോസു നടത്തിയ ഭയങ്കര കൃത്യങ്ങൾ ദൈവത്തിന്റെ പ്രതിക്രിയകളാണെന്നും താൻ ഒരു കരുവുമാത്രമാണെന്നും അയാൾതന്നെ പറഞ്ഞു. പതിനായിരം യൂദന്മാർ കൊല്ലപ്പെട്ടു. ശേഷിച്ച ഏതാനുംപേർ ലോകത്തിന്റെ നാനാഭാഗങ്ങളിലും ചിതറിപ്പോകയുംചെയ്തു. അവർ നമ്മുടെ കർത്താവിന്റെ നേരെ ചെയ്ത ക്രൂരം നിസ്സാരമായിരുന്നപോലെതന്നെ അവരുടെ ശിക്ഷയും നിസ്സാരമായിരുന്നു. അവർ ദിവ്യരക്ഷകനെ നിഷേധിക്കയും തന്നെ കുരിശിന്മേൽ തൂക്കുകയുംചെയ്തു. അതിനാൽ 'ഞാൻ അവരുടെ ഇടയിൽനിന്നു പോകുമ്പോൾ അവർക്കു നാശം, എന്നു മിശിഹായുടെ വാക്കു അവർക്കു പൂർത്തിയായി.

പഴയകാലത്തിൽ ദൈവം അബ്രാഹത്തോടുചെയ്ത വാഗ്ദത്തത്തിൻ അനുഭവക്കാരായി ഒരു പുതിയ ജനത്തെ അംഗീകരിച്ചു. അവർ ലോകാവസാനംവരെ യൂദന്മാരുടെ സ്ഥാനവും അവകാശവും അനുഭവിക്കും. അവർ ഒരു രാജ്യക്കാരല്ല; പിന്നെയോ 'ഉദയംമുതൽ അസ്തമനംവരെ എന്റെ (ദൈവത്തിന്റെ) നാമം പുറജാതികളുടെ ഇടയിൽ മഹിമയുള്ളതായിരിക്കും. എല്ലാസ്ഥലത്തും ഇനിക്കു പൂജ ഉണ്ടായിരിക്കയും എന്റെ നാമത്തിൽ കറയില്ലാബലി അണയ്ക്കപ്പെടുകയുംചെയ്യും, എന്നു മലാക്യാ നിവ്യായുടെ വാക്യം നിറവേറത്തക്കവണ്ണം അവരിൽ സകലജാതികളും ഉണ്ടായിരിക്കും.

എന്നാൽ ദൈവം ദയവായിട്ടു യൂദന്മാരുടെ പാപം പൊറുത്തു എങ്കിലും ഇപ്പോൾ അവർ ലോകത്തിൽ നാനാഭാഗങ്ങളിലും ചിതറപ്പെട്ട മിശിഹായുടെ ദൈവത്വത്തെ സാക്ഷികരിക്കുന്നു.

VI വിശുദ്ധ മോനിക്കായുടെ ചരിത്രസംക്ഷേപം.

(തുടർച്ച)

അഗുസ്തീൻ.

ദൈവകൃപയാൽ മോനിക്കായ്ക്കു രണ്ടു പുത്രന്മാരും, ഒരു പുത്രിയുമുണ്ടായി. ശുദ്ധപള്ളി പുണ്യവാളനായിട്ടും, ശാസ്ത്രജ്ഞനായിട്ടും കൊണ്ടാടുന്ന ദിവ്യ അഗുസ്തീൻ ആയിരുന്നു ഇവരിൽ എല്ലായിലും മൂത്തപുത്രൻ. എന്നാൽ അഗുസ്തീന്റെ കേൾവിപെട്ട പുണ്യത്തിന്റെയും, കീർത്തിയുടെയും കാരണമെന്തായിരിക്കും? സംശയമെന്നിയെ, മോനിക്കായുടെ പ്രാർത്ഥനകളും കണ്ണുനീരുകളുമത്രേ. ഇതിനേക്കുറിച്ചു അഗുസ്തീൻ തന്നെ തന്റെ കുമ്പസാരപ്പുസ്തകത്തിൽ എഴുതിയിരിക്കുന്നു. "ഞാൻ ദൈവസന്നിധിയിൽ ജീവിക്കേണമെന്നുള്ള ആഗ്രഹത്താൽ അനേക സംവത്സരം എന്നെക്കുറിച്ചു കണ്ണുനീർ ചിന്തിയ എന്റെ മാതാവിന്റെ മരണത്തുള്ളികൾ, ഞാൻ അല്പമായിട്ടെങ്കിലും വിലപിക്കുന്നു തെറ്റാകുന്നുവെന്നു വല്ലവരും വിചാരിക്കുന്നെങ്കിൽ എന്റെ ഈ അമ്മയോടു ഇനിക്കുള്ള അത്യന്ത സ്നേഹത്തെക്കുറിച്ചു എന്നോടു ക്ഷമിക്കുണമെന്നും, എന്നോടു സ്നേഹമുണ്ടെങ്കിൽ എന്റെ പാപങ്ങളെക്കുറിച്ചു വിലപിക്കുന്നതിനും അവരോടു ഞാൻ യാചിക്കുന്നു". അഗുസ്തീന്റെ വാക്കുകൾ എത്രയും സ്നേഹമുള്ളതെങ്കിലും അതിനായി തന്റെ മാതാവിനെക്കൊണ്ടു എന്തുമാ

തും കണ്ണുനീർ ചിന്തിച്ചുവെന്നു നമുക്കു ആലോചിക്കാം.

അഹസ്വേരൊസിന്റെ പാപവഴി.

ഹമാനീസിന്റെ മരണാനന്തരം വിധവകൾക്കു ആവശ്യമുള്ള എല്ലാ ക്രിസ്തീയ പുണ്യങ്ങളെയും സമ്പാദിക്കുന്നതിനു മോനീക്കാ ഏറ്റവും പ്രയാസപ്പെട്ടുവന്നു. ലോകാഡംബരങ്ങളിൽ നിന്നു വിട്ടുമാറിയും സ്വന്ത ഇഛകളെ അടക്കിയും മാറുള്ളവക്കു കാണപ്പെടാത്ത വിധത്തിൽ നമസ്കാരത്തിലും ഉപവാസത്തിലും, ധർമ്മദാനത്തിലും തന്റെ ദിവസങ്ങളെ ചിലവഴിച്ചുവന്നു.

ഇപ്രകാരം ഈ സ്ത്രീരത്നം തന്റെ ഏകാന്തത്തിൽ ദൈവിക ഇമ്പത്തെ ധ്യാനിച്ചും ആസ്വദിച്ചും കൊണ്ടിരുന്നേനെ; എന്നാൽ പുത്രന്റെ ഉന്മേഷമേറിയതും ഉജ്വലിച്ചതുമായ സ്വഭാവവും, സാഹസമേറിയ ശീലവും ദുർജ്ജനങ്ങളിലേക്കുള്ള ചായ്വിലും അവസ്സ ഒരു പ്രതിബന്ധമായിരുന്നു. തന്റെ പുത്രന്റെ നിത്യരക്ഷ അയാളുടെ സ്വന്ത കാര്യത്താൽ ആപത്തിലിരിക്കുന്നുവെന്നുള്ള സംഗതി മോനിക്കായുടെ ഭാരമേറിയ ചുമടായിരുന്നു എങ്കിലും അതിനെ ക്ഷമയോടുകൂടി സഹിക്കുന്നതിനു യാതൊരു പ്രയാസവും കാണിച്ചില്ല. ദൈവം തന്നെ സ്നേഹിക്കുന്നവരോടു ഇങ്ങനെ പ്രവർത്തിക്കാറുണ്ടെന്നുള്ളതിൽ ഈ പുണ്യവതിക്കു നല്ല വിശ്വാസമുണ്ടായിരുന്നു. പക്ഷേ പുത്രൻ മനുഷ്യരുടെ ദുർമ്മാർഗ്ഗം നിറഞ്ഞ പരിതസ്ഥിതിന്നു ഇരയായി ഭവിച്ചതു കണ്ടപ്പോൾ തന്റെ ഭാരം ഇരട്ടി ഘനമുള്ളതായി തീർന്നു. (തുടരും)

റെവ. ഫാദർ റിബേയിരൊ.



തിരുഹൃദയ ഭക്തന്മാർ

ജൂൺ മീനമാസത്തിൽ ചെയ്യേണ്ട പ്രവൃത്തികൾ.

സമൂഹ യത്നങ്ങൾ

വിവരണം.

ദൈവ സ്തുതിക്കായിട്ടും ആത്മരക്ഷക്കായിട്ടും ചെയ്യേണ്ട കാര്യങ്ങൾ പലതുണ്ട്. ഓരോരുത്തരുടെ യത്നത്തേക്കാൾ സമൂഹ യത്നങ്ങളാണ അവയെ സാധിക്കുന്നതിനു എളുപ്പമുള്ള മാർഗ്ഗം. പലർ ഒന്നിച്ചുകൂടി എത്രയോ കാര്യങ്ങൾ നടത്തുന്നു. ഏകോത്സാഹിച്ചു യത്നിച്ചാൽ മലകൂടെ മാറ്റാം എന്നല്ലയോ പറയുന്നതു. അജ്ഞാനികൾ, പതിതർ, ദുഷ്ടന്മാർ ആദിയായി എത്രയോ പേർ നാശവഴിയിൽ നടക്കുന്നു. വിദ്യാഭ്യാസ വിഷയത്തിൽ എത്രയോ നമ്മുടെ സമുദായം പരിഷ്കരിക്കപ്പെടേണ്ടതാണ്. ആലോചിക്കുന്നപക്ഷം പരിഷ്കരിക്കേണ്ട വിഷയങ്ങൾ പലതുണ്ട്. വരുത്തേണ്ട നന്മകളും ഒഴിക്കേണ്ട തിന്മകളും അനവധിയുണ്ട്. ഈ പരിഷ്കരങ്ങൾക്കു സമൂഹങ്ങളായി ഏകോത്സാഹിച്ചു എല്ലാവരും പരിശ്രമിച്ചാൽ സകലവും സാധിക്കും. അതുകൊണ്ടു തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം ഇതിന്നായി ശ്രമിക്കയും കാര്യസാദ്ധ്യത്തിന്നായി പ്രാർത്ഥിക്കയും ചെയ്യേണം.

മാർ യൌസേപ്പിനെക്കുറിച്ചുള്ള ഒരു സംഗീതം.

(കൈതൊഴാം നാഥാ) എന്നപോലെ.

പല്ലവി.

(൧) മാമുനെ! വാഴ്ക മാമുനെ!
മാലിന്യമില്ലാത്തോരേടൻ
ലീലിപുഷ്പം പോലെയുള്ള
മറിയ തന്റെ വരനതായ സു-
ചരിത ശാശ്വതമായ് തുടിവാലയെ
മാമുനെ! വാഴ്ക മാമുനെ!

(൨) നീ തന്നെ, താതനാകണം.
നീതിക്കു നിലയനമെ!
നിന്റെ ധർമ്മനന്ദനന്റെ
അരുണകോമള ചരണപങ്കജ
ശരണ ഷഡ്പദരായ ജനത്തിനും
നീതന്നെ, താതനാകണം.

(൩) യോസേപ്പെ! വാഴ്ക യോസേപ്പെ!
യോജിച്ചു സദാസുമനോ
രാജികളുമായ് ദൈവത്തിൻ
മണിഗൃഹാധിപനായി വിളങ്ങിന
ഗുണനിധെ! കൃപചെയ്യ നിരന്തരം
യോസേപ്പെ! വാഴ്ക-

ലോകവർത്തമാനച്ചുരുക്കം.

൧. കോട്ടയം മുൻസിഫ് കോടതിയിൽ സത്യംചെയ്യിക്കുന്നതിനു ഒരുപേദപുസ്തകം ഇവിടെനിന്നും മുൻസിഫ് മിസ്റ്റർ കല്യാണരാമയ്യർ വാങ്ങി കോടതിയിൽ പൈപ്പിച്ചിരിക്കുന്നു.

൨. ഇക്കഴിഞ്ഞ മടിക്കുലേഷൻ പരീക്ഷയിൽകളിപ്പാമ്പിൽ ത്രേസ്യാ, അലപ്പുഴ തെങ്ങുംമൂട്ടിൽ ജേ. മറിയക്കുട്ടി, പുളിക്കപ്പറമ്പിൽ അന്ന എന്ന നസ്രാണി യുവതികൾ വിജയിനികളായിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കുന്നു.

൩. തിരുവിതാംകൂർ ദിവാൻ മിസ്റ്റർ ഗോപാലാചാരി വടക്കൻദിക്കുകളിലേക്കു സക്കീട്ടു പുറപ്പെട്ടിരിക്കുന്നു.

൪. ഇക്കഴിഞ്ഞ മടിക്കുലേഷൻ പരീക്ഷക്കു സ്ഥലത്തെ ഇംഗ്ലീഷ് സ്കൂളുകളിൽ നിന്നു ഫസ്റ്റ്ക്ലാസ്സിൽ രണ്ടുപേർ ജയിച്ചിരിക്കുന്നു.

൫. ദിവാൻ മിസ്റ്റർ ഗോപാലാചാരി പീരുമേട്ടിലേക്കു പോകുന്ന വഴിക്കു മുണ്ടക്കയത്തിനപ്പുറത്തു വച്ചു യൂറോപ്യൻ തോട്ടക്കാരായ ചില ധനവാന്മാർ കുതിരപ്പുറത്തു കയറി ഓടിച്ചെന്നു സ്വാമി അവർകളെ വളരെപരിഭ്രമിപ്പിച്ചുവെന്നും സ്വാമിയവർകൾ പോലീസുകാരുടെ സഹായത്തോടുകൂടിയെ കിഴക്കോട്ടു സക്കീട്ടു പോയുള്ളുവെന്നു കേൾക്കുന്നു. തോട്ടക്കാർ ചില രോട്ടുപെട്ടന്ന കാര്യം പറഞ്ഞതിൽ അനുവദിക്കാത്തതാണത്രെ ധനവാന്മാരുടെ വിരസകാരണം.

൬. ജർമ്മൻ ചക്രവർത്തിയുടെ തിരുനാൾ ദിവസം റോമായിലെ ബസ്ലീക്കാ പള്ളിയിൽ 'തദേവും' പാടുകയുണ്ടായി. ഇതുപ്രഥമമായിട്ടാണ് ഒരു പ്രോട്ടസ്റ്റന്റു രാജാവിന്റെ വിഷയത്തിൽ ഈ പള്ളിയിൽ ഉപ്രകാരം ഒരു കർമ്മം നടത്തപ്പെട്ടതു്. ചക്രവർത്തി മാപ്പുപ്പായുടെ കയ്യുകൊടുത്ത കമ്പി ഇങ്ങനെ അവസാനിപ്പിച്ചിരിക്കുന്നു. "എന്റെ കർത്തോലിക്കു പ്രജകളെക്കുറിച്ചും തിരുമനസ്സിലെക്കുറിച്ചും എനിക്കുള്ള സ്നേഹം അവിടെ അറിയുന്നവല്ലൊ".

൭. കൊല്ലം രൂപതയുടെ വികാരി ജനറാലായിരുന്ന വ. ദി. ശ്രീ. അമ്പ്രോസിയുസ് സ്വാമിഅവർകൾ യൂറോപ്പിൽ വച്ചു ചരമഗതിയെ പ്രാപിച്ചപ്രകാരം അറിയുന്നതിൽ വ്യസനിക്കുന്നു. ഈ വന്ദ്യന്റെ മരണവർത്തമാനം കേൾക്കുകയാൽ സ്ഥലത്തെ ആശ്രമദേവാലയത്തിൽ അനുശോചനമായ പാട്ടുപൂജ മുതലായ ശേഷക്രിയകൾ നടത്തപ്പെട്ടു.

൮. വരാപ്പുഴ പുത്തൻ പള്ളി സെമ്മിനാരിയിൽ മല്പാനായിരുന്ന, ഇപ്പോൾ അരക്കുഴ പള്ളിയുടെ ഫോറോനാ വികാരി ആയിരിക്കുന്ന ബ. വല്യവീട്ടിൽ പറമ്പിൽ ഗീവറുഗീസ് കത്തനാരവർകളുടെ മാതാവു, ൦രം മാസം ൧൫നു അന്ത്യകൂദാശകളൊക്കയും കൈക്കൊണ്ടു തന്റെ ൮൰൩മത്തെ വയസ്സി

ൽ പുത്രപൌത്രപ്രപൌത്രാദികളുടെ ഇടയിൽ നിന്നു പിരിഞ്ഞു പരലോക പ്രാപ്യയായിരിക്കുന്നതായി അറിയുന്നു.

൯. പാളയത്തുപള്ളി ഇടവക റൊസ്സു വാരികാട്ട യൌസേപ്പുവർകൽ കഴിഞ്ഞ മാസം ൨൰൦൯൰൯൫ പൈങ്ങളത്തുപള്ളി ഇടവക വട്ടപ്പാമ്പിൽ നിന്നും ആലയ്ക്കപടവിൽ പാക്കുന്ന അന്ന എന്ന സ്ത്രീ കഴിഞ്ഞ മാസം ൧൯൰൯൫ അന്ത്യക്രമാശകളൊക്കയും കൈക്കൊണ്ടു മരണം പ്രാപിച്ചിരിക്കുന്നു.

ഈ ആത്മാവുകളുടെ ആശ്വാസത്തിനായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

൫. വരുന്ന മേടമാസം ൧൨൯൫ മഹാഘോഷമായി സുഹൃദ്വർത്തിബായി അറുങ്ങൽ ഇളയതമ്പുരാൻതിരുമനസ്സിലെ പള്ളിക്കെട്ടിയന്തിരം നടത്തുന്നതിനു തീർച്ചപ്പെടുത്തിയിരിക്കുന്നപ്രകാരം അറിയുന്നു. കീഴ്ത്തിപ്പെട്ട ചിത്രമെഴുത്തു രവിവർമ്മകോയിത്തമ്പുരാൻ അവർകളുടെ ഭാഗിനേയൻ കിളിമാനൂർ തിരുവാതിരനാൾ കോയിത്തമ്പുരാൻ അവർകളെയാണ് വരനായി നിശ്ചയിച്ചിരിക്കുന്നതെന്നു കാണുന്നു.

൫. സുറിയാനിക്കാരുടെ ഇടയിൽ മക്കളില്ലാതെ മരിച്ചുപോയ ഒരാൾക്കു ഭാര്യയും മാതാവും ജീവിച്ചിരിപ്പുണ്ടെങ്കിൽ അയാളുടെ സ്വത്തിന്മേൽ അവർക്കു ഇരുവർക്കും തുല്യമായ അവകാശമുണ്ടെന്നു കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ ൧൯൰൰ സിവിൽ ൰൨൰൫ നമ്പ്രിൽ മുൻസിഫ് മിസ്റ്റർ പി. ജേ. വറുഗീസ് അവർകൾ വിധിച്ച വിധിയിന്മേൽ ഹൈക്കോർട്ടിൽ ൧൨൯൫൰ൽ ൪൨൫ നമ്പ്രായി അപ്പീൽ ബോധിപ്പിച്ചു. ചീഫ് ജസ്റ്റിസ് സദാശിവയ്യർ അവർകളും, ജഡ്ജി ഏ. ഗോവിന്ദപ്പിള്ള അവർകളുംകൂടി ൧൯൭൫ ജനുവരി ൨൭നു വെള്ളിയാഴ്ച ഹീയറിംഗ് കേട്ടതിന്റെശേഷം ജനുവരി ൩൦നു ബുധനാഴ്ച കീഴ്കോടതി വിധിയെ സ്ഥിരപ്പെടുത്തി രണ്ടു കോർട്ടിലേയും കോടതിച്ചിലവു ഇരുകക്ഷികളും സഹിക്കുന്നതിനു വിധികല്പിച്ചിരിക്കുന്നു.

൫. പാർല്ലമേൻറിൽ സാമാജികന്മാരെ തിരഞ്ഞെടുക്കുന്നതിനു വോട്ടു ചെയ്യുന്നതിനുള്ള അധികാരം സ്ത്രീകൾക്കുകൂടി ഉണ്ടായിരിക്കേണ്ടതാണെന്നും ഇതിനു പ്രത്യേകമായി ഒരു നിയമവും പാർല്ലമെൻറു സഭയിൽ പാസ്സാക്കേണ്ടിയിരിക്കുന്നതിനാലും സഭാ സാമാജികന്മാക്കു ഇതിൽ സമ്മതമില്ലാത്തതിനാലും സ്ത്രീകൾ ഓരോ ലഹളകൾ ഉണ്ടാക്കിവരുന്നു. ഈയിട പാർല്ലിമെൻറു കൂടിയിരുന്നപ്പോൾ വന്ന സ്ത്രീകൾ രണ്ടു പ്രാവശ്യം കയറിച്ചെന്നു ആറു മണിക്കൂറു നേരത്തോളം ലഹള ഉണ്ടാക്കിയതായും പോലീസുകാരുടെ അക്ഷിണപരിശ്രമത്താൽ ലഹള ഒതുങ്ങുകയും അവരിൽ ൨൫ പേരെ തടവുകാരായി പിടിക്കയും ഏഴു ഷില്ലിങ്ങ് മുതൽ നാല്പതു ഷില്ലിങ്ങ് വരെ പിഴയും ഓരോ മാസത്തെ തടവും ശിക്ഷ വിധിച്ചിരിക്കുന്നതായി കാണുന്നു.

നോട്ടിസ്.

മാന്നാനം,

൧൨൰ കുംഭം ൧൧൯൫.

മാന്നാനം സെൻറു ഏപ്രേം ഹൈസ്കൂൾ വകയായി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ലേലച്ചിട്ടി ഈമാസം ൨൯നു കാലത്തു പത്തുമണിക്കു ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ൫൰൦൨൰൦ തവണകൾ അന്നുതന്നെ ലേലം ചെയ്യപ്പെട്ടും. അതുകൊണ്ടു ചിട്ടിയിൽ ചേരുവാൻ ഇനിയും പണമടക്കാത്തവർ ൫൰൦൪ തവണക്കുള്ള തുക ഉടനെ അയക്കണമെന്നും ചിട്ടിദിവസം ഇവിടെ വന്നു ചേരേണ്ടമെന്നും അപേക്ഷിക്കുന്നു.

മാന്നാനം ഹൈസ്കൂൾ ചിട്ടിക്കമ്മട്ടി
സെക്രട്ടറി.

മാസികാവരിപ്പണം അടച്ചവരുടെ പേരുവിവരം.

മ. രാ. രാ. ഒരു രൂപാവീതം. അവർകൾ.

കളീക്കൽ അവിരാ അബ്രാഹം, ളേശയിൽ പി. ജോസഫ്, കാവാലം പീലിപ്പോസു മത്തായി, ആലുംമൂട്ടിൽ ചെറിയാൻ, ആശാരിപറമ്പിൽ ദേവസ്യാ ഔസേപ്പു, ചെറുകോൽ കോട്ടയിൽ യോഹന്നാൻ ദാവീദ്, ചക്കാലയിൽ സി. ദാനിയേൽ, എ. എച്ച്. പ്രണാണ്ടസ്, പുത്തൻവീട്ടിൽ മൈകൾ കോസിനാം, കൊള്ളപ്രത്തു പാപ്പൻ പ്രണാണ്ടസ്, നടുവിലയ്യത്തു എ. ലദിസ്ലാസ്, കൊച്ചാടത്തു വി. എസ്. പയ്യസ്, മട്ടാഫലം, എഫ്. ജമ്മൻ നസ്രേത്തു, വടക്കേതോപ്പിൽ എ. ഡി. പ്രണാണ്ടസ്, കൊള്ളപ്രത്തു സി. ഗീശോരി, കൊച്ചുവീട്ടിൽ പി. പേതുപ്രണാണ്ടസ്, തോണിത്തറ വീട്ടിൽ എ. ജാൻ പ്രണാണ്ടസ്, ഇടയിലവീട്ടിൽ അന്തു പ്രണാണ്ടസ്, വടക്കേടത്തു സി. സവിയർ പ്രണാണ്ടസ്, എ. റോസാരയ്യാ, എ. പീറർപിള്ള, ദമ്മിനിക്കു നിക്കാവു, തൊമ്മി ജോസഫ്, കടകത്തു വീട്ടിൽ വി. തൊമ്മി, മാംമൂട്ടിൽ എ. സെബസ്ത്യാൻ, മരുവൽ പീറർ പ്രണാണ്ടസ്, പടിഞ്ഞാറെവീട്ടിൽ പ്രഞ്ചിസ്കാ വറീതു പ്രണാണ്ടസ്, തുണ്ടിയിൽ എ. തീയ്യോ പ്രണാണ്ടസ്, ആലുംമൂട്ടിൽ പീടികെ അന്തോനി, കരിഞ്ഞാവീട്ടിൽ ജേ. എസ്. സിറഫിം ലോപ്പസ്, തുണ്ടുവിളയിൽ എം. വറിയതു, ഇടയിലഴിയത്തു അന്തോനിക്കുസ്, പടപ്പക്കര വി. പ്രാൻസീസ്, മരിയാൻ ഡിക്രൂസ്, ബ. മൈലപ്പറമ്പിൽ കുറിയാക്കോസ് കു, ബ. മുട്ടത്തിൽ യാക്കോ ശ., ബ. മുരിക്കൻ ശിവുഗീസ് കു, ബ. കുന്നച്ചേരിൽ യോഹന്നാൻ കു, ബ. ഏറുമാന്തുക്കാരൻ യാക്കോ കു, ബ. വട്ടക്കുണ്ടത്തിൽ മത്തായി കു, തയ്യിൽ മാത്തു, ബ. മുരിക്കൻ തോമ്മാകു, ബ. നടയ്ക്കൽ യൌസേപ്പു കു, ബ. കാനാട്ടു യാക്കോ കു, പാലത്തുങ്കൽ ദേവസ്സി യൌസേപ്പു, ചക്കാലക്കൽ പോളപ്പറമ്പിൽ വറിയ്യു, എ. പെ. പെ. ബ. മാർ ളയീസ് മെത്രാനച്ചൻ, ബ. കിഴക്കേക്കുറു സ്സുറിയാ കു, കുളിയാടൻ മത്തായി അന്തോനി, മലമേൽ ശിമോൻ മാത്തൻ, എലമ്പിലക്കാട്ട ചെറിയാൻ, മുല്ലക്കരി ചെറിയ്യു കുഞ്ചെറിയാ, മങ്ങലത്തു മത്തായി, കല്ലുകുന്നേൽ മത്തായി, ബ. തോട്ടുങ്കൽ തോമ്മാ കു, ബ. കുഴിമ്പിൽ യൌസേപ്പു കു, കൊല്ലൻകുടി ചാണ്ടിവക്കി, ബ. പള്ളിക്കുന്നേൽ യോഹന്നാൻ കു, കപ്പടക്കുന്നേൽ കോര, കീഴാനിക്കര ഉലഹന്നൻ, അറയ്ക്കൽ ചാണ്ടി പത്രോസു ആലുംതടത്തിൽ വക്കി മത്തായി, ബ. പാറയമ്മാക്കൽ സെബസ്ത്യാൻ കു, ബ. ഉപ്പുമാക്കൽ ചാണ്ടി കു, കാവുംപുറത്തു കുരുവിള ഈനാസു, അഴകുമ്പറമ്പിൽ മാണി തൊമ്മൻ, പുളിക്കൽ അഗസ്തി, ബ. തുരുത്തിക്കര ശിവുഗീസു കു,

പലവക.

പുത്തൻപുരചെറിയാൻ തൊമ്മൻ രൂ ൾ, കുറുകയിൽ പ്രഞ്ചി ച. ൻ ൾ, പുത്തൻപുരക്കൽ തോമ്മാ യൌസേപ്പു രൂ ൨, പയ്യനാട്ട ചാക്കോ രൂ ച. ൨ൻെ, കായിത്തറ തോമ്മാ യൌസേപ്പു രൂ ൨, കോലത്തു തോമ്മാ യൌസേപ്പു രൂ ൨, വി. ജോസഫ് വക്കീൽ രൂ ൨ ച രൂെ, തച്ചിരേഴത്തു വാസു ച രൂ, പുത്തൻവീട്ടിൽ ജോൺ പ്രണാന്തീസ് ച ൨൫, തീരുവാതിരത്തോപ്പിൽ ജാഞ്ചി ഐസക്കു ച ൫, വിക്തോറിയാ സറൊ ച രൂ കു രൂ, ൫ബേടത്തു പ്രണാണ്ടസ് ച ൨ രൂ കു ൨൫, തുണ്ടുപറമ്പിൽ എ. സവ്യർ പ്രണാണ്ടസ് ച രൂ, മിസ് വിക്തോറിയാ വാസു രൂ ൯, കേളപ്പിള്ളത്തോപ്പിൽ അഗസ്തീഞ്ഞു മുരായീസ് രൂ ൾ, കരിശടിവീട്ടിൽ അഗസ്തീഞ്ഞു പ്രണാണ്ടസ് ച ൨൫, വറുഗീസ് പ്രണാണ്ടസ് രൂ ൨ ച ൨൩ കു ൨, പ്രാൻസിസ്കു ലോപ്പീസ് രൂ ൾ കേ. ജോൺ പ്രണാണ്ടസ് രൂ ൾ, തട്ടുവീട്ടിൽ വറുഗീസ് മുരായീസ് ച രൂൻ. പീ. മത്തായി ഡിക്രൂസ് രൂ ൾ, കല്ലുച്ചേരി ഡെനീസ് ക്രൂസ് രൂ ൨ ച ൨൫ൻെ. സി. വി. ജോസഫ് രൂ ൻെ, ബ. വട്ടപ്പറമ്പിൽ പീലിപ്പോസു കു. രൂ ൨, കൊല്ലമ്പറമ്പിൽ കുരുവിള യൌസേപ്പു രൂ ൨, തത്തനാട്ട പൌലൊ മത്തായി രൂ ൾ, എടാട്ടുകുന്നേൽ മത്തായി രൂ ൨ ച രൂെ, പട്ടാടിക്കുന്നേൽ കോര രൂ ൨ ച. രൂൻെ, ബ. പെരിയപ്രത്തു ചാണ്ടി കു, ച ൨൩ കു ൨,

REGISTERD No. M 365.

പഞ്ചാംഗം

ഫൻാരെ മാച്ച്— ഫാവ്വാ കുംഭം—മീനം.

ഇംഗ്ലിഷ് മാസം	ഇംഗ്ലിഷ് തിയ്യതി	മലയാളം തിയ്യതി	മലയാളം അക്ഷരം	വിശേഷദിവസങ്ങൾ.		
കുംഭം.	1	ഫവ	വെ	† ന. കു. തിരുശീല. ന. അ. കു. പെ.	വെ.	2
	2	ഫൻ	ശ	ന. കു. അ.	ഠാ.	ഠ
	3	വം	ഞാ	✠ നോ. ന—ാം ഞാ. ന. കു. അ. (ഉ)	ഠാ.	2
	4	വഫ	തി	† ശു. മൊ. കാസ്സീർ. ന. അ. കു. പെ. ...	വെ.	2
	5	വവ	ചൊ	ന. കു. അ.	ഠാ.	2
	6	വന	ബു	† ശു. അ. മൊ. ക്രർല്ലോസ. ന. അ. കു. പെ.	വെ.	2
	7	വര	വ്യാ	ശു. മൊ. മ. തോമ്മാ. ന. അ. കു. പെ.	വെ.	2
	8	വഖ	വെ	† ന. കു. ഖതി. മൂറി. ന. അ. കു. പെ. ...	ചൂ.	ഠ
	9	വസ	ശ	† ശു. വിധ: പ്രംസീ. ഠോ. ന. അ. കു. പെ.	വെ.	2
	10	വെ	ഞാ	✠ നോ. ര—ാം ഞാ. ന. കു. അ. (ഋ)	ഠാ.	ഠ
	11	വവ	തി	ന. കു. അ.	ഠാ.	ഠ
	12	വൻ	ചൊ	ശു. മൊ. മാ. ഗ്രിഗോരി. ന. അ. കു. പെ.	വെ.	ഠ
	13	നം	ബു	ന. കു. അ. ...	ഠാ.	ഠ
☽	14	ക	വ്യാ	ന. കു. അ.	ഠാ.	ഠ
	15	വ	വെ	† ന. കു. തി. രക്തം. ന. അ. കു. പെ. ..	ചൂ.	ഠ
	16	ന	ശ	† ശു. വന. അബ്രാഹം ന. അ. കു. പെ.	വെ.	ഠ
	17	ര	ഞാ	✠ നോ. ഒ—ാം ഞാ. (പങ്ക) ന. കു. അ. (ഠ)	ഠാ.	2
	18	ഖ	തി	ശു. ഗെരിയേൽ മാലാ. ന. അ. കു. പെ.	വെ.	2
	19	സ	ചൊ	ശു. യൊസേ. പി. ന. കു. പെ.	വെ.	2
	20	ഹ	ബു	ന. കു. അ.	ഠാ.	2
	21	വ	വ്യാ	ശു. മൊ. വെനഭിക്തോസ് ന. അ. കു. പെ.	വെ.	2
	22	ൻ	വെ	† കു. മാ. വ്യാകുലം. ന. അ. കു. പെ. ...	വെ.	2
മീനം	23	ഫം	ശ	ന. കു. അ.	ഠാ.	ഠ
	24	ഫഫ	ഞാ	✠ ഓശാന. ന. കു. അ. .. (ഉ)	ഠാ.	2
	25	ഫവ	തി	✠ ദേ. മാ. വചിച്ച തി. ന. കു. പെ.	വെ.	2
	26	ഫന	ചൊ	വലിയ അഴ്ച. ന. കു. അ.	ഠാ.	2
	27	ഫര	ബു	വലിയ അഴ്ച. ന. കു. അ.	ഠാ.	2
	28	ഫഖ	വ്യാ	(✠) തി. വ്യാഴം. ന. കു. അ. ...	വെ.	2
☿	29	ഫസ	വെ	(✠) ദുഃഖവെള്ളി. ന. കു. അ. (ഒരുനേരം)	കു.	2
	30	ഫെ	ശ	ദുഃഖശനി. ന. കു. അ. (ഒരുനേരം)	വെ.	2
	31	ഫവ	ഞാ	✠ ന. കു. ഉയിപ്പു. ന. കു. പെ. ⲁⲛⲁⲥⲧⲁ (ഉ)	വെ.	ഠ

✠ അടയാളം എല്ലാവക്കും കടമുള്ള ദിവസം (✠) കടം നീക്കപ്പെട്ട ദിവസം.
* ഇറച്ചിവിലക്കുള്ള ദിവസം † പുതുതായി ചേക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor by A. P. Man.
at. St. Joseph's Press, Mannanam.